ഭാഗം
6

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



# കോവിഡ് 19
# കവിതകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള
ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച
കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19
# കവിതകൾ

## ഭാഗം 6

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala




**പിണറായി വിജയൻ**
**മുഖ്യമന്ത്രി**


**കേരള സർക്കാർ**


**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**


നം.410/പ്രസ്/സി.എം.ഒ/2020. മെയ് 25, 2020.


## സന്ദേശം

അക്ഷരവൃക്ഷം സൃഷ്ടികളുടെ ആറും ഏഴും ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ആരവങ്ങളില്ലാത്ത ഈ അവധിക്കാലത്ത് നമ്മുടെ കുട്ടികൾ തയാറാക്കിയ കഥകളും കവിതകളും ലേഖനങ്ങളും വായിക്കുമ്പോഴുണ്ടാകുന്ന ആഹ്ലാദവും ആവേശവും ചെറുതല്ല. ഭാവനയും ഭാഷാപ്രയോഗവുമുൾപ്പെടെയുള്ള ശേഷികൾ ആർജിക്കുന്നതിലും പ്രകടിപ്പിക്കുന്നതിലും ലോകോത്തര നിലവാരം പുലർത്തുന്നവരാണ് നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നവരെന്ന് അവ വ്യക്തമാക്കുന്നു. പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കാനും ദീർഘവീക്ഷണത്തോടെയുള്ള പരിഹാരങ്ങൾ നിർദേശിക്കാനും അവർക്ക് കഴിയുന്നു. കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തിന്റെ ഗുണമേന്മയും കരുത്തും അടയാളപ്പെടുത്തുന്ന നാഴികക്കല്ലുകളിലൊന്നായി അക്ഷരവൃക്ഷം രചനകൾ നിലനിൽക്കും.

അവധിക്കാലത്തെ ഇത്തരം പ്രവർത്തനങ്ങൾ നൽകിയ ആത്മവിശ്വാസത്തോടെയാണ് നാം പുതിയ അധ്യയന വർഷത്തിലേക്ക് കടക്കുക. ഇപ്പോഴത്തെ സാഹചര്യത്തിൽ കുട്ടികൾ വിദ്യാലയങ്ങളിൽ നേരിട്ടെത്താതെ തന്നെ പഠനപ്രവർത്തനങ്ങൾ പലതും നടത്തേണ്ടി വരും. അത്തരം പ്രവർത്തനങ്ങൾക്ക് ഊർജമാകുന്നതാകും ഈ പദ്ധതിയുടെ വിജയം. അക്ഷരവൃക്ഷത്തിലേക്ക് സൃഷ്ടികൾ അയച്ച എല്ലാ കൂട്ടുകാരെയും സ്നേഹപൂർവം അഭിനന്ദിക്കുന്നു. ഈ പ്രവർത്തനം വേഗത്തിലും വിജയകരമായും നിർവഹിച്ച പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തകർക്കെല്ലാം അനുമോദനങ്ങൾ.

**പിണറായി വിജയൻ**


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



Break the chain

കൈവിടാതിരിക്കാം...
കൈ കഴുകൂ...

# ആമുഖം

പൊതുവിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ **‘അക്ഷരവൃക്ഷം’** എന്ന പേരിൽ വിദ്യാർഥികളുടെ സർഗസൃഷ്ടികളുടെ ആറാമത്തെയും ഏഴാമത്തെയും സമാഹാരം പ്രകാശിപ്പിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. പ്രതിസന്ധിയുടെ പുതിയ കാലത്ത് വിദ്യാർഥികൾ ലോകത്തെയും മാനവജീവിതത്തെയും വിശ്വപ്രകൃതിയെയും എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ നേർസാക്ഷ്യങ്ങൾ ഇതിലുണ്ട്. ഒന്നിൽ നിന്നും മാറിനിൽക്കാതെ യാഥാർഥ്യങ്ങളെ സധൈര്യം നേരിടുന്നതിന്റെയും ഭാവിയെ ഇച്ഛാശക്തിയോടെ അഭിമുഖീകരിക്കുന്നതിന്റെയും സൂചനകൾ ഇതിൽ കാണാം. ജാഗ്രതയോടെ ജീവിതത്തെ അഭിമുഖീകരിക്കാനുള്ള ശ്രദ്ധയും ഉൾക്കാഴ്ചയുമാണ് ഇതിലൂടെ പങ്കുവയ്ക്കുന്നത്. പരിമിതമായ സ്വാതന്ത്ര്യം മാത്രം അനുഭവിച്ച് വീട്ടുകൾക്കുള്ളിൽ കഴിയുമ്പോഴും ലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കാനും വിശകലനം ചെയ്യാനും ഇന്ദ്രിയങ്ങളെ യാഥാർഥ്യബോധത്തോടെ തുറന്നുപിടിക്കാനുമുള്ള സന്ദേശമാണ് ഇത് നൽകുന്നത്.

വിദ്യാർഥികളുമായി നിരന്തരം ബന്ധപ്പെടാനും അവരെ ക്രിയാത്മകമായി ബന്ധിപ്പിക്കാനും കഴിയുക എന്നത് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ മികവിനെയാണ് കാണിക്കുന്നത്. നാം ആർജിച്ചിട്ടുള്ള വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാർഥികളെ ഇങ്ങനെ സർഗാത്മകമായി സജ്ജീകരിക്കാൻ ശ്രമിച്ച അധ്യാപകരുടെയും രക്ഷിതാക്കളുടെയും സന്നദ്ധതയും താത്പര്യവും ഏറെ ആഹ്ളാദം ജനിപ്പിക്കുന്നു.

അകന്നിരിക്കുമ്പോഴും അകലാതിരിക്കാനും വേറിട്ടു കഴിയുമ്പോഴും സാമൂഹികബന്ധം നിലനിർത്താനും ഒറ്റപ്പെടുമ്പോഴും കൈത്താങ്ങാകാനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കും. വിദ്യാർഥികളിൽ ആത്മവിശ്വാസവും ഇച്ഛാശക്തിയും ശുഭപ്രതീക്ഷയും വളർത്താൻ ഇത്തരം പ്രവർത്തനങ്ങൾക്കു കഴിയട്ടെ.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# എന്റെ കൊറോണേ

അകത്തിരുന്നപ്പഴാ
മനസ്സിലാകുന്നത്
അകം പുലർന്ന്
പൂക്കുന്നതെങ്ങനെയെന്ന്!
അടുക്കിപ്പെറുക്കലുകൾ
തൂത്ത് വെടിപ്പാക്കലുകൾ
തിളച്ചുമറിയലുകൾ
കൂടുമാറ്റങ്ങൾ,,,
പുറത്തേക്ക്
തുളുമ്പാൻ കഴിയാത്ത
രണ്ട് വൈറസുകൾ
അകത്ത് ഒപ്പിച്ചുകൂട്ടുന്ന
കാക്കത്തൊള്ളായിരം
'പകർച്ചപ്പണി'കൾ
അടിമുടി മാറുന്ന വീടകം
ക്ലാസ് മുറി, എലിസബത്ത് ടീച്ചർ,
പരീക്ഷകൾ, പാചകപ്പുര,
കരാട്ടെ, കളിസ്ഥലം,,,,
പരിഭവങ്ങൾക്കിടെ
അമർത്തിപ്പിടിച്ച
അലർച്ചകൾ
സഹികെടുമ്പോൾ
എന്നെയും ഞെട്ടിപ്പിക്കുന്ന
ചില കയ്യാങ്കളികൾ...

**സിത്താര പി**
5 E ലെഗസി എ.യു.പി.എസ്.തച്ചനാട്ടുകര
മണ്ണാർക്കാട് ഉപജില്ല
പാലക്കാട്

# ലോക്ക്ഡൗൺ.....

ബന്ധനങ്ങളില്ലാത്ത
ബന്ധനങ്ങളുടെ ലോകം....
അനുകരണത്തിനായ് നാം
മറന്നു പോയവ
പ്രതിരോധത്തിനായ്
ഓർത്തെടുക്കവേ
കൈക്കൂപ്പിയും പുഞ്ചിരിച്ചും
നിലനിർത്തിയ ബന്ധങ്ങളും
പട്ടിണി മാറ്റിയ നാടൻ രുചികളും
നേർക്കാഴ്ചയായ്....
തിരക്ക് പിടിച്ച പകലുകളും
ലഹരി നുരയുന്ന രാത്രികളും
വിട്ടൊഴിഞ്ഞ
വിജനമായ പാതകൾ.....
പ്രതീക്ഷയാണ്....
നല്ലൊരു നാളേയ്ക്കായുള്ള പ്രതീക്ഷ....

**സായൂജ് കെ**
8 G സി.ബി.എച്ച്.എസ്.എസ്. വള്ളിക്കുന്ന്.
പരപ്പനങ്ങാടി ഉപജില്ല
മലപ്പുറം

# ഒരൊറ്റൊരു മഴ ..

ഈ ഒരൊറ്റൊരു മഴയിൽ
മല തുരക്കാനുള്ള നമ്മുടെ ത്വരയും
പുഴ നികത്താനുള്ള നമ്മുടെ ദുരയും
ഒഴുക്കിൽ പെടുന്നുണ്ട്.
ഈ ഒരൊറ്റൊരു മഴയിൽ
പ്രകൃതിയെ നോവിച്ച നമ്മുടെ
കൈകൾക്ക് ബലക്ഷയം ബാധിക്കുന്നതും
നാം പച്ചയ്ക്ക് തുരന്നു തിന്ന
മലയുടെ കിനാവുകൾ
നമ്മുടെ സ്വപ്നങ്ങളുടെ മേൽ
ഉരുൾപൊട്ടി ഇടറി വീഴുന്നതും
നോവു പോൽ ബാക്കിയാവുന്നുണ്ട്;
തുള്ളി മുറിയാത്ത ഈയൊരൊറ്റ മഴയിൽ......

**അഫ്റമർയം .കെ**
7 E ജി.യു.പി.എസ്.കരിങ്കപ്പാറ
താനൂർ ഉപജില്ല, മലപ്പുറം

# പ്രതീക്ഷ

ഇനിയും ഉണരും നല്ലൊരു നാളെ
സ്നേഹത്തിൻ സൗഹൃദത്തിൻ
അതിനായ് ഒരുങ്ങീടാം കരുതലോടെ
വെടിഞ്ഞിടാം സൗഹൃദക്കാഴ്ചകൾ
വെടിഞ്ഞിടാം ഉല്ലാസയാത്രകൾ
കരുതിടാം പ്രതിരോധരീതികൾ
സജ്ജമാകാം തുരത്തുവാൻ മഹാമാരിയെ
തീർത്തിടാം സ്നേഹച്ചങ്ങല മനസ്സിൽ
ഉണരും നല്ലൊരു നാളേയ്ക്കായ്
നൽകിടാം സഹായങ്ങൾ മറ്റുള്ളവർക്കായ്
വളർത്തിടാം മാനുഷികമൂല്യങ്ങൾ ഈ
മഹാ വിപത്തിൻ മാറ്റത്തിനായ്
ഉണർന്നിടാം കരുത്തോടെ
കരുതിടാം നല്ലൊരു നാളേയ്ക്കായ്

**മീനാക്ഷി കെ എസ്**
2 ബി വി എൽ പി എസ് കല്ലൂർ
ചേർപ്പ് ഉപജില്ല, തൃശ്ശൂർ

# രോഗമുക്തി

നേരമൊട്ടും വൈകിയില്ല
കൂട്ടുകാരേ കേൾക്കൂ(2)
മർത്ത്യരെ കൊന്നൊടുക്കാൻ
വന്നൊരീ കൊറോണയെ
സോപ്പും വെള്ളവും ചേർത്തിടയ്ക്കിടെ
കൈകഴുകിമാറ്റാം (2)
(നേരമൊട്ടും)

വീടും ചുറ്റുപാടുമെല്ലാം
വൃത്തിയാക്കി വെക്കാം
വ്യക്തികൾ നാം ശ്രദ്ധിച്ചീടിൽ
രോഗമുക്തരാകാം (2)
(നേരമൊട്ടും)

ഒത്തുചേരൽ വേണ്ട വേണ്ട
ഹസ്തദാനവും ത്യജിക്ക
ഇന്നുനാമകന്നു നിന്നാൽ
പിന്നെയൊന്നായ് ചേരാം (2)
(നേരമൊട്ടും)

മുഖാവരണം ഓർമ്മവേണം
പുറത്തിറങ്ങണമെന്നാൽ
ലോകനന്മയ്ക്കായി
നമ്മൾക്കാവതെല്ലാം ചെയ്യാം(2)
(നേരമൊട്ടും)

**ജിഷ്മ രാജ്**
10 I സി.എച്ച്.എസ്.എസ്. പോത്തുകല്ല്
നിലമ്പൂർ ഉപജില്ല
മലപ്പുറം

# കരുതൽ

വിപത്തിനെ തുരത്തുവാൻ
പോർവിളി നടത്തുവാൻ
ഒരു മനമായി വിട്ടു നിന്നു
ഒരുമയോടെ പോകുവിൻ
അതിഥിയായി വന്നവനെ
ചാരമാക്കി മാറ്റിടാം
കാലനായി വന്നവന്റെ
കഥകഴിച്ചു വിട്ടിടാം
പുരയിടവും കൃഷിയിടയും
വൃത്തിയാക്കി വെച്ചിടാം
പഴയകാല സ്മരണകൾ
പുതുക്കിടാം നമുക്കിനി
സ്മരിച്ചിടാം നിമിഷവും
ആർദ്രമാം കരങ്ങളെ
സ്നേഹമായ് തലോടലായ്
ഉയർന്നിടും ജനങ്ങളെ
സ്മരണയിൽ കുറിച്ചിടാം
ചൊല്ലിത്തന്ന വാക്കുകൾ
മാസ്ക്കണിഞ്ഞ് കൈകഴുകി
വിട്ടുതന്നെ നിൽക്കുക

**ഗൗരി നന്ദഎ.കെ**
4 A ജിഎൽ.പി.എസ്.പടിഞ്ഞാറത്തറ
വൈത്തിരി ഉപജില്ല
വയനാട്

# വേനൽ

മാനത്ത് നോക്കി തപസ്സിരിക്കുന്ന
വേഴാമ്പലിനെ പോലെ
ഞാനും മേലോട്ട് നോക്കിയിരിക്കുന്നു.
ആകാശത്തിന് പഴുത്ത
ലോഹത്തകിടിന്റെ നിറം.
പൊടി മൂടിക്കെട്ടിയ
വായുമണ്ഡലം.
കാറ്റുപോലും
എങ്ങോ പേടിച്ചൊതുങ്ങിയിരിക്കുന്നു.
ഒരു കിളിയൊച്ചപോലും
കേൾക്കാനില്ല.
ചൂട്, ചൂട്, ചൂട്.
പിളർന്ന കൊക്കുകളുമായി
കാക്കകൾ മുറ്റത്തെ
ഇത്തിരിത്തണലിൽ
വന്നിരുന്ന് പരാതി പറയുന്നു.
അനാഥയായ
ഭ്രാന്തിയെപ്പോലെ ഭൂമി വരണ്ട
മാറുമായി വെയിലത്ത്
മലർന്നുകിടന്ന് മയങ്ങുന്നു.
ഇത് പൊള്ളുന്ന വേനൽ.
വടക്കേ ഇന്ത്യയിൽ നിന്ന്
ഇങ്ങോട്ട് കുടിയേറുന്ന
കടുത്ത വേനൽ.
അലുമിനിയം പാത്രങ്ങളും
ബക്കറ്റുകളുമായി
കുടിവെള്ളലോറിയുടെ വരവ്
കാത്തുനിൽക്കുന്ന ഈ
മുഷിഞ്ഞ സമയത്ത്
നമുക്ക്
ഒരു സ്വപ്നം കാണാൻ ശ്രമിക്കാം.
തൊടിയിലാകെ മരങ്ങൾ നിഞ്ഞുനിൽക്കുന്ന
കുളിർക്കാറ്റു വീശുന്ന
കുളിർമയുള്ള ഒരു വേനൽ.

**റസൽ ഷാൻ**
9 ജി എച് എസ് എസ് പന്നൂർ
കൊടുവള്ളി ഉപജില്ല, കോഴിക്കോട്

# മഴ

ഉച്ചമയങ്ങുന്ന നേരത്ത്
നോക്കി നിൽക്കുന്നു ഞാനാ
മഴമുകിലിനെ
പെട്ടന്ന്ചിതറിത്തെറിക്കുന്നു ആ തുള്ളി
വേനലാൽ തളർന്ന മണ്ണിൽ
പെട്ടന്നുയരുന്നു
കുഞ്ഞുതലയും നിവർത്തി
വാടിതൻ മാറിൽ
വാടിത്തളർന്നിടും
കുഞ്ഞുപൂക്കൾ
ആരും കൊതിച്ചിടും
ഈ വേനൽക്കാലത്തെ
ഉണർത്തിടും മഴയെ

**ശ്രീതു. കെ.**
5 A ജി.എൽ.പി.എസ്. ചടങ്ങാംകുളം
വണ്ടൂർ ഉപജില്ല
മലപ്പുറം

# പൂവ്

പൂവിന് നല്ല നിറമുണ്ട്
പൂവിന് നല്ല മണമുണ്ട്
പൂവിൻ നിറയെ തേനുണ്ട്
പൂവിന് നിറയെ ഇതളുണ്ട്
പൂവേ നിന്നുടെ ചാഞ്ചാട്ടം
പൂവിൻ ചന്തം കൂട്ടുന്നു

**ശ്രേഷ്ഠ പ്രകാശ്**
1B ജി.എൽ.പി.എസ് ചടങ്ങാംകുളം
വണ്ടൂർ ഉപജില്ല
മലപ്പുറം

# കുഞ്ഞൻ കൊറോണ

കാറ്റു പോലെ വന്നു ഞാൻ
കാറ്റു പോലെ പരന്നു ഞാൻ
ചൈനയെന്റെ ജന്മദേശം
ഞാൻ ഒരു കുഞ്ഞു ഭീകരൻ
വൈറസ് എന്ന കുഞ്ഞൻ ഞാൻ
ഭയപ്പെടുത്തി ലോകത്തെ
പരത്തിടും ഞാൻ നിങ്ങൾക്ക്
കോവിഡ് എന്ന മഹാമാരി
കൊച്ചു കേരളത്തിൽ എത്തി
ഞാൻ പിടിതരാതെ നിങ്ങളും'

**നൈന ഫാത്തിമ**
4സി ജി എൽ പി എസ് തരിശ്
വണ്ടൂർ ഉപജില്ല
മലപ്പുറം

# മുല്ലപ്പൂ

വള്ളിയിൽ വിടരും മുല്ലപ്പൂ
വെള്ളനിറത്തിൽ മുല്ലപ്പൂ
കാണാനെന്തൊരു ചേലാണ്
നറുമണമുള്ളൊരു മുല്ലപ്പൂ
രാത്രിയിൽ വിടരും മുല്ലപ്പൂ
തലയിൽ ചൂടാമെല്ലാർക്കും.

**ഹിന മെഹ്ഫിൻ**
1 C ജി എച്ച് എസ് എസ് ചെറുവാടി
മുക്കം ഉപജില്ല
കോഴിക്കോട്

# എന്റെ ഒരു ദിവസം

എന്നും ഉറക്കമുണർന്നയുടൻ
ഞാനമ്മതൻ മടിത്തട്ടിലൊന്നിരിക്കും
പ്രഭാതകൃത്യങ്ങൾക്കു ശേഷം
ഞാനെൻ കൈകൾ
സോപ്പിട്ടു വൃത്തിയാക്കും
പിന്നീട് പല്ലും മുഖവും
കഴുകിക്കഴിഞ്ഞീടിൽ
വൃത്തിയോടെ എന്നെ അമ്മ
കുളിപ്പിച്ചീടും
മുറ്റത്തെ മണ്ണിൽ കളിച്ചെന്നാൽ
പതിവു പോൽ കൈകൾ
കഴുകീടും ഞാൻ
വീടും പരിസരവും
വൃത്തിയായി സൂക്ഷിക്കാൻ
എന്നുമെന്നമ്മ പഠിപ്പിച്ചീടും

**ആത്മിക**
1 A ജി.എൽ.പി സ്കൂൾ ശാന്തിനഗർ
വണ്ടൂർ ഉപജില്ല
മലപ്പുറം

# മഹാമാരി

മേടപ്പുലരിയിൽ കണിക്കൊന്ന പൂത്തിട്ടും
മോടി കൂട്ടാനായി കൂട്ടരും വന്നില്ല
വിഷുക്കണി കാണാനായ് ആശിച്ചു നിന്നിടും
വിഷുക്കണി കാണിക്കാൻ നാട്ടാരും വന്നില്ല.
പുത്തനുടുപ്പുമില്ല പായസവുമില്ല
ആദ്യമായല്ലോ ഇങ്ങനെയൊരു വിഷു
എന്തിനു വന്നീ വൈറസ് ഇതുവഴി
എന്തിനെടുത്തു പ്രാണനൊരു പാട്
വീട്ടുകാരൊന്നിച്ചു കൂടുന്നുവെങ്കിലും
കൂട്ടുകാരെ ഒന്നു കാണുവാനാശിച്ചു
നല്ല ഭംഗിയിൽ ഒരുങ്ങി നിന്നാലും
മുഖത്തൊരു മാസക് വലിച്ചങ്ങു കെട്ടണം
അങ്ങോട്ടും പോക്കില്ല ഇങ്ങോട്ടും പോക്കില്ല
വീടിനുള്ളോ കിളിക്കൂട് പോലെ
അമ്പലവുമില്ല പള്ളിയുമില്ല
എങ്കിലും ഞാനിതാ പ്രാർത്ഥിക്കുന്നു
ഇനിയൊരു ജീവനെടുത്തിടാതെ
മായ്ച്ചു കളയണേ കോവിഡിനെ.....

**നിവേദ്യ പി**
5 ജി എൽ പി എസ് കിഴിശ്ശേരി
കിഴിശ്ശേരി ഉപജില്ല
മലപ്പുറം

# ചിന്ന കോവിഡ് 19

ചിന്ന കോവിഡ് 19
ലോകം വിറച്ചു
ലോക രാഷ്ട്രം വിറച്ചു
കാണാത്ത എന്നെ നിങ്ങൾ പേടിച്ചിരുന്നു.
എല്ലാവരെയും ഒതുക്കി
വീട്ടിലിരുത്തി ഞാൻ
പഴയ കാലം നിങ്ങളിൽ ഓർമ്മയിൽ വരുത്തി ഞാൻ.
ആരെയും ഒതുക്കും ഞാൻ
പാവമെന്നില്ല പണക്കാരനെന്നില്ല
കുട്ടികളെന്നില്ല വൃദ്ധരെന്നില്ല
നിങ്ങളെ വിറപ്പിച്ചു കൊണ്ടേയിരിക്കും.
സുരക്ഷിതമായി അകത്തിരിക്കൂ
ശുചിത്വം പാലിക്കൂ
അകലം പാലിക്കൂ
ഒത്തൊരുമിച്ചാൽ
ഒതുങ്ങിത്തരും ഞാൻ
കാണാത്ത എന്നെ കാണാതിരുന്നിടാം.

**റഹ ലത്തീഫ് കെ.എം**
4 A ജി.എൽ.പി.എസ്.വെസ്റ്റ് പത്തനാപുരം
അരീക്കോട് ഉപജില്ല
മലപ്പുറം

# പഴക്കുട്ടൻമാർ

ചുവന്നുരുണ്ടൊരു കുട്ടപ്പാ
പറയാമോ നിൻ പേരെന്ത്?
ഞാനാണാപ്പിൾ കണ്ടോളൂ
കറുമുറെ തിന്നാൻ വന്നോളൂ
നല്ലൊരു മഞ്ഞക്കുപ്പായം
ഇട്ടു വരുന്നവനാരാണ്?
വാഴക്കുലയിൽ നിന്നാണേ
ഞാനൊരു വാഴപ്പഴമാണേ
പളപള മിന്നും കോട്ടിട്ട്
പമ്മിയിരിക്ക്ണതാരാണ്?
ഞാനാ ഞാനാണോറഞ്ച്
പേരും നിറവും ഒന്നാണേ
പച്ചക്കുട്ടാ പറയാമോ
ഒന്ന് വിളിക്കാൻ പേരുണ്ടോ?
പേരുണ്ടല്ലോ കേട്ടോളൂ
പരപര പരപര പേരയ്ക്ക

**ഫാത്തിമ.പി**
2 ജിഎൽപിഎസ് പിലാക്കാട്ടിരി
തൃത്താല ഉപജില്ല
പാലക്കാട്

# എന്റെ പൂന്തോട്ടം

എന്റെ പൂന്തോട്ടം
ഞാൻ നിർമ്മിച്ചു കൊച്ചു പൂന്തോട്ടം
ചുറ്റും നിറയെ കുഞ്ഞുപൂക്കൾ
എത്തി നോക്കാൻ കുറ്റിപ്പുല്ലും
ആടിക്കളിക്കുന്ന ചില്ലകളും
തേൻ നുകരാൻ വന്നെത്തും
വണ്ടത്താനും പൂമ്പാറ്റപ്പെണ്ണും
പല പല വർണ്ണപ്പൂക്കളിതാ
പുഞ്ചിരി തൂകി നിൽക്കുന്നു
റോസാപ്പൂവിൻ പുഞ്ചിരി കാണാൻ
എന്തൊരു രസമാണയ്യയ്യാ..
മുല്ലപ്പൂവിൻ മണമാകെ
പൂന്തോട്ടത്തിൽ നിറയുന്നു .
പല പല പൂക്കൾ വിരിഞ്ഞു നിൽക്കും
കാണാനെന്തൊരു ചന്തം ഹായ്...
എന്തൊരഴകാണയ്യയ്യാ
എന്റെയീ കൊച്ചു പൂന്തോട്ടം.

**സാവേരി എൻ പി**
4 E ജി എൽ പി എസ് വട്ടേനാട്.
തൃത്താല ഉപജില്ല
പാലക്കാട്

# വീഴ്ത്തല്ലേ

കുഞ്ഞിക്കാറ്റേ വാ വാ വാ
കുഞ്ഞിനു കൂട്ടായി വാ വാ വാ
കുഞ്ഞിൻ തോളിൽ തട്ടുമ്പോൾ
കുഞ്ഞു മരങ്ങളെയാലോലം
ആട്ടി രസിച്ചു നടന്നാട്ടെ
എന്തൊരു ചന്തം കാണട്ടെ
എന്തൊരു മണമാണിവിടെല്ലാം
ചന്തം തിങ്ങും പൂവെല്ലാം
ചിന്തിടൊല്ലേ കൊള്ളൂല്ലാ
കുഞ്ഞിക്കാറ്റേ വികൃതി നീ
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ
നിന്നെ കാണുമ്പോഴെല്ലാം
വിങ്ങി വിറച്ചവർ മാറുന്നു
വീണവൾ താഴെ ചെളിമണ്ണിൽ
വീണത് കണ്ടാൽസങ്കടമാം
കുഞ്ഞിക്കാറ്റേ കുഞ്ഞിക്കാറ്റേ
കുഞ്ഞിപ്പൂവിനെ വീഴ്ത്തല്ലേ

**ആയിഷ ഹിന**
2 ജി.എൽ.പി.സ്കൂൾ കൻമനം
താനൂർ ഉപജില്ല
മലപ്പുറം

# കൊറോണ നീ കാരണം

എൻ പ്രിയ ഗുരുനാഥരോടും
ആത്മസുഹൃത്തുക്കളോടും
ഒരു യാത്രാ മൊഴി പോലും പറയാതെ
ഒരുച്ച നേരത്തു ഓർക്കാപ്പുറത്ത്
എൻ പ്രിയ വിദ്യാലയത്തിന് ഞാൻ അന്യനായി
സ്കൂൾ അടച്ചിനി വരേണ്ടതില്ലെന്ന
അറിയിപ്പ് കേട്ടപ്പോളാദ്യം
സന്തോഷിച്ചൊത്തിരി
പിന്നെയാണറിഞ്ഞത്
എല്ലാ കൂടിച്ചേരലുകളുടെയും
ആഘോഷങ്ങളുടെയും
ലോക്ക് ഡൗണ് കൂടി ആണത് എന്ന്

**പ്രണവ് ടി**
4 ജി.എൽ.പി.സ്കൂൾ പരിയാപുരം
താനൂർ ഉപജില്ല
മലപ്പുറം

# നീ മാത്രം

ഹൃദയത്തിൽ നിറയെ
നീറുന്ന ഓർമകളുമായി
തുടങ്ങീട്ട് നാളുകളായി
നീ അറിയുന്നില്ല
എഴുതീടുന്ന അക്ഷരങ്ങളിലും
പറയുന്ന വാക്കുകളിലും
നീ മാത്രമാണ്
കൊറോണ എന്ന കോവിഡ്

**ഫാത്തിമ മുസ്‌ലിയ**
4A ജി.എൽ.പി.സ്കൂൾ കെ.പുരം
താനൂർ ഉപജില്ല
മലപ്പുറം

# കലണ്ടർ കള്ളികൾ

വീട്ടിൽ ചടഞ്ഞിരിക്കുമ്പഴാണ്
ചുമരിൽ തൂക്കിയിട്ട കലണ്ടറിലെ
കള്ളികളിലേക്ക് ദൃഷ്ടി പാഞ്ഞത്
കൃത്യതയുള്ള കള്ളികൾക്കിടയിലെ ചുവപ്പക്ഷരം
എന്നെ നോക്കി പല്ലിളിക്കുന്നു
ഞായറാഴ്ചയെന്ന് ...
അവധിദിനമെന്ന് ...
ഓർമിപ്പിച്ച പഴയ കലണ്ടറിലിപ്പോൾ നിറയെ ചുവപ്പക്കങ്ങൾ....
ഒരു സൂക്ഷ്മമാണ്
എത്ര പെട്ടന്നാണ് ചുവർ കലണ്ടറുകളെ ചുവപ്പണിയിച്ചത്
നമ്മുടെ വീടിനെ ജയിലാക്കി മാറ്റിയത് ....

**മുഈനുദ്ധീൻ**
3B ജി എൽ പി സ്കൂൾ രായിരമംഗലം
താനൂർ ഉപജില്ല, മലപ്പുറം

# എന്റെ നാട്

എന്റെ നാട്
ചന്തമുള്ള ഭൂമിയിൽ
എന്റെ സുന്ദരിയാം നാട്
അന്തമില്ലാ മനുഷ്യൻ
ചപ്പു കൂപ്പു നിറച്ചു വെച്ച നാട്
പുകയും പൊടിയിൽ
പറക്കാൻ വിഷമിച്ച പക്ഷികൾ
ഇന്ന് സന്തോഷത്താൽ തുള്ളിച്ചാടുന്നു
വിഷമില്ലാത്ത പുഴയിൽ മീനുകൾ
ആഹ്ലാദനൃത്തം ചവിട്ടുന്നു
ഇതെല്ലാം കണ്ടു ഞങ്ങൾ
കൂട്ടിലിട്ട കിളിയെപോലെ
വീട്ടിലിരിക്കുന്നു

**അംന .പി**
3 A ഗവ : എൽ പി സ്കൂൾ എടപ്പറ്റ
മേലാറ്റൂർ ഉപജില്ല, മലപ്പുറം

# നാളെ

കലികാലം തിമിർത്ത് പെയ്തിറങ്ങുകയാണ്.
കാപട്യത്തിന്റെ കൈവഴികളിലൂടെ,
ഇല്ലായ്മയുടെ പാനപാത്രത്തിലൂടെ,
ദൃഷ്ടി പതിച്ചു ഒഴുകുകയാണ്.
ആത്മാവിന്റെ കീറിയ കണ്ഠങ്ങളിലെവിടയോ
ഭയത്തിന്റെ വിത്തുകൾ മുള പൊട്ടുന്ന പോലെ !
ആശ്വസിക്കാൻ വേണ്ടി മാത്രം
ഞാൻ നിന്നിലമരുന്നു.
നീ ഒടുവിൽ പെയ്തൊഴിയുമ്പോൾ,
നാം വീണ്ടും രോഗിയാവില്ലേ?
ആരിലും പഴിചാരാനാകാതെ
കാലന്റെ കണക്കുപുസ്തകം
നമ്മെയും ചരിത്രമാക്കില്ലേ?
ഒരുപക്ഷെ ഇത് നിന്റെ കണ്ണുനീരാണോ,
അതോ.. പാപഭാരം ചുമക്കും മർത്ത്യനോടുള്ള
അമർഷത്തിന്റെ ആളിക്കത്തലോ.
ഒന്നിനാലും വിമർശിക്കപെടാതെ
നീ ഒഴിഞ്ഞു മാറുന്നു.
മണൽക്കാടുകൾ പലതും ചൂടുപിടിക്കുന്നു.
ധനികനെന്നോ ദരിദ്രരെന്നോ ചേരി തിരിക്കാതെ
വ്യാധികൾ കത്തിക്കയറുന്നു.
തോറ്റവന്റെ ആഢ്യത്വത്തിലേ
ക്കാണിനിയെന്റെ യാത്ര.
ആ മുഖം ഒന്നിനെയും ഭയക്കുന്നില്ല.
കാരണം,
അവനു ചുമക്കാൻ അറിവിന്റെ
കൂറ്റൻ ഭാരങ്ങളില്ല.
നവീനതയുടെ ചിലന്തിവലകളില്ല.
നെയ്തു കൂട്ടാൻ നാളെയെന്ന മുൻവിധികളില്ല.
ഓട്ടപാത്രത്തിലെ കഞ്ഞി മോന്തിക്കുടിക്കുമ്പോൾ
അവന്റെ ചുണ്ടുകൾ വല്ലാതെ ചലിക്കുന്നുണ്ടായിരുന്നു.
എന്തോ തേടി മടുത്ത ഒരു നിശ്വാസത്തിനൊടുവിൽ
പരിഭവത്തിന്റെ പാഴ്ക്കെട്ടു വരിഞ്ഞു മുറുക്കി ;
ദൈവത്തെ സ്തുതിച്ച്
തെരുവിലെ കൂടാരത്തിൽ

ചുരുണ്ടുകൂടി.
മടങ്ങാനാഞ്ഞ എന്നെ എന്തോ
കൊളുത്തിവലിക്കുന്ന പോലെ.
ഒന്ന് തിരിഞ്ഞ് നോക്കി,
അതെ, അത് വിജയിച്ചവന്റെ
ചൂണ്ടയായിരുന്നു.
വിചാരങ്ങൾക്കും ചിന്തകൾക്കും
വിരാമമിട്ട് ഞാൻ പോകുന്നു.
കണ്ണുകൾ തികയുന്നില്ല,
കാഴ്ചകൾ കണ്ടുതീർക്കാൻ.
ഉള്ളിലടക്കം പറഞ്ഞവർക്ക് കാത് നൽകി
ഞാൻ ഒരടി പിന്നോട്ട്
അവിടെ പരിഭവം മറന്ന സമയമില്ല.
നാളെയെന്ന ഭാവിയെയോർത്ത്
ഭൂതകാലം ചുട്ടെരിക്കുന്നവർ.
നീരസപ്പെടുത്തും ചുറ്റുപാടിൽ
നിന്നുമെനിക്ക് മുക്തി നേടണം.
ലക്ഷ്യമില്ലാത്ത ശൂന്യതയിലേക്ക്
ഞാൻ നടന്നകന്നു.
ചുണ്ടുകൾ വിറങ്ങലിച്ചു.
തൊണ്ട വരണ്ട് പൊട്ടി.
കാർമേഘം മൂകമായി.
ചുറ്റും പൊരുതലുകൾ
അതിജിവനത്തിന്റെ.
ദഹനം കഴിയും വരെ
അവർ തകർത്ത് പെയ്തു,
സ്വയം തളർന്നു കൊണ്ട്.
ചിതയിൽ ചിതലരിച്ച പാടുകൾ.
അവസാന കൊള്ളിപോലും
എനിക്കായ് എരിഞ്ഞുതീർന്നു.
ശ്വാസം നിലച്ചപ്പോൾ
തോറ്റവരുടെ കൂടാരം എന്നെ
ഒന്നോർമിപ്പിച്ചു.
നാളെയെന്ന വ്യാമോഹത്തെ കുറിച്ച്

**ശ്രീരശ്മി എൻ**
XII S ജി.ജി.വി.എച്ച്. എസ്സ്. എസ്സ്. ഫറോക്ക്
ഫറോക്ക് ഉപജില്ല, കോഴിക്കോട്

# COVID THE BIG MONSTER

Schools are shut early, now
the happiest vacation...
I am a butterfly to fly
happily in the wind.

Where's the fastest train,
nosiy bus,taxi and the roaring bikes...
vanished, everyone,
Without the players or the vehicles...

Emtpy road,emtpy ground,
lonely moon and the stars.
Like a deep silence without the crickets,
Covid the big monster and the saddest lockdown tread everywhere.

I am too sad as my dad is in KSA
Oh my Dad when you reach us from KSA
Be careful and safe with Handwash,Mask and Sanitizer, as
they are the armor against the Covid,
the big monster.

**Muhsina.H**
VIII-G ജി.ജി.വി.എച്ച്.എസ്സ്.എസ്സ്. നെന്മാറ
കൊല്ലങ്കോട് ഉപജില്ല
പാലക്കാട്

# DARING GIRL

An afternoon, while in a grove
A girl stucked in my view.
She is ready to make a move,
To a mango tree with few mangoes.

Those mangoes are sweet as honey,
The girl darted to it's branch.
Watching it is really funny,
Suddenly she fell down harshly.

I could see her legs, a gash
It's unbearable for a child.
I thought her aim is going to smash,
I stared at her curiously.

But shockingly she revived,
The girl crawled with pain.
At last got a mango, she cheered
An awesome moment, I ever seen.

Unfortunately the mango is stale,
But it glistened outside.
So sad, the girl's face is pale
Other mangoes are far away from her.

She saw another mango and gazed,
Then crawled towards that mango.
I wondered, unintentionally asked
"Doesn't she teached us a great lesson?"

**Ayana s**
9 C ജി.ജി.വി.എച്ച്.എസ്സ്.എസ്സ്. നെന്മാറ
കൊല്ലങ്കോട് ഉപജില്ല
പാലക്കാട്

# NOT A GOOD OR GOOD

Is it a boon ,
as it fed the humans the fruits of humantiy,
Is it a bane ,
as it troubled their minds with disgraceful mentality;
Is it a boon ,
as it help them reunite their family and friends,
Is it a bane ,
as it crushed the lives of innocents as it follow the trends;
Is it a boon ,
as it tend us to live our life to its fullest,
Is it a bane ,
as it turn millions of hearts to its dullest;
Is it a boon ,
as it cleared the dump flowed through the currents,
Is it a bane ,
as it yelled at the faces of the poor tenants;
Is it a boon ,
as it wiped down the malicious that tend to multiply rapidly,
Is it a bane ,
as it caged themselves far away from the nature vigorously ;
Is it a boon ,
as it strengthened the true souls that loves and stays with us,
Is it a bane ,
as it doomed the throbbing thumbs by separating the dear ones forever making a big fuss;
Oh Saviour of the world,
Neither boon nor bane doesn't matter, but
Craves for the start of a new chapter.

**Swabireen Razi**
Plus one A ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച് എസ് എസ്
ആറ്റിങ്ങൽ
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# കാശ്മീരിന്റെ വിലാപം

എന്റെ മുഖത്തെ
ചോരപ്പാടുകൾ കൊണ്ടായിരിക്കാം
നിങ്ങളെന്നെ മനസ്സിലാക്കിയത്

ഹിമാലയത്തിലെ
കൂറ്റൻ മഞ്ഞുമലകൾക്ക് പോലും
എന്റെ ദു:ഖത്തെ
സാന്ത്വനിപ്പിക്കാൻ കഴിയില്ല

കാലത്തിന്റെ ക്രൂരവിനോദങ്ങളുടെ
ആസ്ഥാനമാണു ഞാൻ
രണ്ടു രാജ്യങ്ങൾക്കിടയിൽ
പെട്ടു പോയ ഒരനാഥ ബാലൻ

വെടിയുണ്ടയുടെ താളമാണെൻ
താഴ്‌വരകളിൽ നിത്യവും
ആപ്പിളുകളിലെ ചുവപ്പു നിറം
രക്തത്തിന്റേതാണാവോ?

**ഫാത്തിമ ഹന്ന**
6 C ജി.യു.പി.എസ്. കടുങ്ങല്ലൂർ
കിഴിശ്ശേരി ഉപജില്ല
മലപ്പുറം

# എന്തുകൊണ്ട്?

ഒരു മത്സ്യവും
കടലിനെ
മുറിവേല്പിക്കാറില്ല
ഒരു പക്ഷിച്ചിറകും
ആകാശത്തിനു മീതെ
വിള്ളലുകളാഴ്ത്തുന്നില്ല
ഒരു ഭാരവും
ശേഷിപ്പിക്കാതെയാണ്
ശലഭം പൂവിനെ
ചുംബിക്കുന്നത്
എന്നിട്ടും....
എന്തുകൊണ്ട്?
മനുഷ്യൻ മാത്രം
ഭൂമിയെ ഇങ്ങനെ........!???
നശിപ്പിക്കുന്നു......???

**അഫ്റ മർയം.കെ**
7E ജി.യു.പി.എസ്.കരിങ്കപ്പാറ
താനൂർ ഉപജില്ല
മലപ്പുറം

# ഹരിതം

കോരിത്തരിപ്പിച്ച മരങ്ങൾ
പുഞ്ചിരിക്കുന്ന
കിളികൾ പാടുന്ന
ഒരു മുഖമുണ്ടായിരുന്നത്രെ,
ഈ ഭൂവിന്.
മണ്ണിലിറങ്ങിപ്പണിയുന്നവരെ
മുത്തശ്ശി കണ്ടിരുന്നത്രെ.
കിളിയുടെ പാട്ടുകൾ
മുത്തശ്ശി കേട്ടിരുന്നത്രെ.
അപ്പുറത്തെ കുടിലുകാരെ
മുത്തശ്ശി അറിഞ്ഞിരുന്നത്രെ.

**അൻഷാ ഫാത്തിമ**
3 A ജി.യു.പി.എസ്.കരിങ്കപ്പാറ
താനൂർ ഉപജില്ല
മലപ്പുറം

# കോലു മിഠായി

കുഞ്ഞുണ്ണിക്കൊരുമിഠായി
കുഞ്ഞിക്കയ്യിൽ മിഠായി
അമ്മ കൊടുത്തൊരു മിഠായി
പലനിറമുള്ളൊരു മിഠായി
നൽമണമേകും മിഠായി
കോലിൻ തുമ്പിൽ മിഠായി
ചേലഴകുള്ളൊരു മിഠായി
ചേലത്തുമ്പിൽ തൂങ്ങി നടന്നൊരു
കുട്ടനു കിട്ടിയ മിഠായി
പലവട്ടം നൊട്ടിനുണഞ്ഞത്
കുഞ്ഞുണ്ണിക്കത് ഭേഷായി

**ദേവനന്ദ.പി.എം**
5എ ജിയുപിഎസ് പടിഞ്ഞാറ്റുംമുറി
ചേവായൂർ ഉപജില്ല
കോഴിക്കോട്

# തരുമോ..ശാപമോക്ഷം

എങ്ങു പോയെങ്ങു പോയ്
പുഴകളാം ഭൂവിൻ തന്ത്രികൾ
മീട്ടുന്ന മധുര നാദം
ഹൃദയത്തിൻ കോണിലെവിടെയോ
മാറ്റൊലിയായ് തീർന്നൊരു ഗീതം
മാലിന്യകൂമ്പാരമേറ്റ്
തകർന്നടിയുന്നീ
ഭൂമിതൻ രോദനം
മനുഷ്യന്റെ കരങ്ങളിൽ
ഞെരിഞ്ഞമരുന്ന
എവിടേക്കോ
വിട ചൊല്ലിയകലുന്ന
കേരളമെന്ന ദൈവത്തിൻ നാട്
ഇനിയും ബാക്കി
എവിടെയോ
മറന്ന വീട്ടാത്ത കടങ്ങൾ ... ഭൂവിൻ തീരാ ദു:ഖങ്ങളായ്...
ഇനിയും നീ അറിയുക
മനുഷ്യാ...
വിതച്ചതേ കൊയ്യൂ
എന്ന സത്യം

**ഐശ്വര്യ എസ്സ് .എസ്സ്**
6 എ റ്റി . ഇ .എം .യു .പി .സ്കൂൾ , പേരുർക്കട
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# സൂക്ഷിച്ചാൽ ദുഖിക്കേണ്ട

പരക്കെപ്പരക്കുന്ന വൈറസുചുറ്റും
പരക്കാതിരിക്കാൻ നമുക്കെന്തു ചെയ്യാം
മാസ്കുധരിക്കാം കരത്തിൽ ഗ്ളൗസും ധരിക്കാം
സാനിറ്റൈസർ കൊണ്ട് കൈവൃത്തിയാക്കാം
ശുചിത്വംവരിക്കാം
ഇരിക്കാം നമുക്കിന്നുവീട്ടിൽ സുഹൃത്തേ
പുറംജോലിയെല്ലാം എളുപ്പം നടത്താം
ഭക്ഷ്യവസ്തുക്കൾ തീർന്നെന്നു വന്നാൽ
പുറത്തേക്കുപോകേണ്ട, ലാപ്ടോപ്പ് തുറന്നാൽ
ഉടൻ തന്നെ ഓൺലൈൻ ബുക്ക് ചെയ്തീടാം
പുറംലോകമെല്ലാം ഇതിൽ കണ്ടിരിക്കാം
മറക്കല്ലെ കൈ വൃത്തിയാക്കീടുവാനും
തൊടണ്ടാ മുഖം മൂക്കും കണ്ണുകൾ രണ്ടും
മടിക്കാതീപ്പതിവുകൾ ഓർത്തുകൊള്ളേണം
ഇനി നാം ഭയം മാറ്റി ! ജാഗ്രത്താകാം
ജാഗ്രത... ജാഗ്രത...ജാഗ്രത മാത്രം
ജാഗ്രത മാത്രം അതിജീവനത്തിന്

**ഫ്ളമിമറിയം റജി**
8 D റ്റി വി റ്റി എം എച്ച് എസ് എസ് വെളിയം
വെളിയം ഉപജില്ല
കൊല്ലം

# വിരുന്നു വന്നൊരു ഭൂതം

പരീക്ഷയില്ല, അവധി തുടങ്ങി....
ടീച്ചറന്ന് പറഞ്ഞപ്പോൾ
ആഹ്ലാദത്താൽ ഞങ്ങളെല്ലാം
തുള്ളിച്ചാടി മതിമറന്നു....
ടീച്ചർമാർക്കും മനസ്സിലപ്പോൾ
സന്തോഷത്തിൻ ലഡു പൊട്ടി.
വൈകീട്ടന്ന് വീട്ടിലെത്തി
അമ്മ പറഞ്ഞത് കേട്ടപ്പോൾ ....
സന്തോഷങ്ങൾ സങ്കടമായി
ആഹ്ലാദങ്ങൾ കണ്ണീരായി.
ചൈനക്കാരെ കൊന്നൊരു ഭൂതം
നമ്മുടെ നാട്ടിൽ വിരുന്നു വന്നു.
കൈകൾ രണ്ടും സോപ്പുകളിട്ട്
കൂടെക്കൂടെ കഴുകേണം
മാസ്ക് ധരിച്ച് വീട്ടിന്നുള്ളിൽ
അമ്മയ്ക്കൊപ്പം കൂടേണം
അവധിക്കാലം കൂട്ടാർക്കൊപ്പം
തുള്ളിച്ചാടി നടക്കാനായി
മോഹമുദിക്കും മനസ്സുമായി
കൂട്ടിലടച്ചൊരു കിളിയായി
എന്നും വൈകീട്ടാറു മണിയ്ക്ക്
ടി.വി. തുറക്കും വാർത്തകൾ കാണും .
എണ്ണം കൂടി ...... മരണം കൂടി ....
മനസ്സിലാകെ മരവിപ്പ്
ചക്കക്കുരുവും മാങ്ങാക്കറിയും
ഉണക്ക മീനും റേഷൻ ചോറും
തിന്നു മടുത്തൊരു നാവ് പറഞ്ഞു
മട്ടൻ ചാപ്സും ചിക്കൻ കറിയും
തരുമോ ഇന്നൊരു പൂതിക്ക്
വേണ്ട നമുക്കീ വിരുന്നുകാരനെ
കൊറോണയെന്നൊരു ഭൂതത്തെ
ഒന്നിച്ചൊന്നായ് പൊരുതീടാം
കോവിഡ്19 നെതിരായി

**ഗസൽ വി**
II B വരിക്കോളി എൽ പി എസ്
നാദാപുരം ഉപജില്ല, കോഴിക്കോട്

# ഉയിർത്തെഴുന്നേൽപ്പ്

ഭീതി പരക്കുന്നു
മണ്ണിലും മനസ്സിലും
മാനുഷർ ഒന്നായ്
ചത്തുവീഴുന്നിതാ
വ്യാധിക്കളമാകും
ഒത്തുകൂടുന്നിടം
ലോകത്തെ ഒന്നായി ഗ്രസിച്ചീടും ആ വ്യാധി
ചിറകു കുഴയുമീ മനസ്സിലെ കിനാക്കിളി
ജന്മങ്ങൾ പലതും തകർന്നടിയുന്നു.
കൊറോണ തൻ മുന്നിൽ യുദ്ധം ചെയ്യുന്നു
മനുഷ്യാ നീ വ്യാധിക്കെതിരായ നേരായ യുദ്ധം
മരണത്തിനറിയില്ല ജാതി ഭാഷാഭേദങ്ങൾ
ഒറ്റ മനസ്സായി പൊരുതിടും നമ്മൾ
ലോക്ഡൗൺ താണ്ടിടും വിജയം വരിക്കാൻ
ഉണരാം നമുക്കിനി ഉണർവിന്റെ ഉയിരിനായ്

**മാനസ എം**
2 വി.ജി.എസ്.എൽ.പി സ്കൂൾ, മാനന്തേരി
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ

# നാളേയ്ക്കായ്

സമയമില്ലാർക്കും
ഒന്നിനും സമയമില്ലാതെയോടി
ഒന്നു കണ്ടാൽ ചിരിക്കാൻ സമയമില്ല
ഒന്നു കണ്ടാൽ നാലു വാക്കിനു സമയമില്ല
മാനുഷരോടുന്നു എന്തിനോ വേണ്ടി
ഇത്തരുണത്തിലെത്തിയൊരു മഹാമാരി
ഭൂലോകമാകെ പൂരപ്പറമ്പാക്കി
പൊട്ടിയ്ക്കാം മഹാമാരിതൻ കണ്ണികൾ
അകലാമൽപം നല്ല നാളേയ്ക്കായ്
അകന്നു നിൽക്കാം ഒരൊറ്റ മനസ്സായ്
ഒതുങ്ങിടാം ഭവനത്തിലേറെ
സ്വപ്നങ്ങളായ്
ഒന്നിച്ചു തോൽപ്പിക്കാം ഈ വ്യാധിയെ
മാറ്റിടാം ശീലങ്ങളെ നന്മയ്ക്കായ് .

**മേഘ്ന എ എസ്**
3 A വി.പി.എ.യു.പി.എസ്.ബകുണ്ടൂർകുന്ന്
മണ്ണാർക്കാട് ഉപജില്ല
പാലക്കാട്

# ശുചിത്വം

നാട്ടുകാരെ കേട്ടുകൊള്ളിൻ
കേട്ട കാര്യം ചെയ്തുകൊള്ളിൻ
ദേഹമെല്ലാം ശുചിയായി സൂക്ഷിച്ചുകൊള്ളിൻ
വീടും ചുറ്റുപാടും എല്ലാം വൃത്തിയായി സൂക്ഷിക്കണം
ഈച്ച കൊതുക് കീടങ്ങളെ തുരത്തിടേണം
പുഴ കിണർ കുളമെല്ലാം ശുചിയായി സൂക്ഷിച്ചീടിൻ
രോഗമെല്ലാം നാടുവിടും ഓർക്കുക വേണം

**ഷജില .എൻ**
4 B വി.പി.എ.യു.പി.എസ് വെണ്ടല്ലൂർ
കുറ്റിപ്പുറം ഉപജില്ല
മലപ്പുറം

# ഒരു കോവിഡ് കാലം

ഒരു കോവിഡ് കാലം
നാം ഭയമോടെ നില്ക്കും കാലം
ഒരു കോവിഡ് കാലം
നാം കരുതലോടെ നില്ക്കും കാലം
രണ്ടു പ്രളയം അതിജീവിച്ചു
നിപ്പയും അതിജീവിച്ചു,
നാം കോവിഡും അതിജീവിക്കും..
നാം എന്നും പൊരുതീടും
നാം എന്തും അതിജീവിക്കും...
പ്രയാസമേറിയ കാലത്ത്
കൈനിറയെ ക്ഷേമപെൻഷൻ,
വിശപ്പകറ്റാൻ ഭക്ഷ്യധാന്യ കിറ്റുകൾ
മുന്നിൽനിന്നു നാടിൻ നാഥൻ പിണറായി...
ആരോഗ്യദേവത ശൈലടീച്ചറും
നാടുഭരിക്കുമ്പോൾ ഇന്ത്യക്കാകെ,
വഴികാട്ടി മുന്നിൽനിന്നു
നയിക്കുമ്പോൾ.
ഞങ്ങൾക്കില്ല ഭയമേതും,
കേരളനാട്ടിൽ പിറന്നതിൽ
ഞങ്ങൾക്കെന്നും
അഭിമാനം.

**അരുണിമ.എസ്.ആർ**
7B വി.ജി.എച്ച്.എസ്.എസ്.നേമം
ബാലരാമപുരം ഉപജില്ല
തിരുവനന്തപുരം

# നരജന്മം

ഈശ്വരന്റെ സൃഷ്ടിയാണീ ലോകം
ജഗദീശ്വരന്റെ വരദാനമാണീ നരജന്മം
പൂക്കളിൽ നിറയും മധുകണം
നുകരുവാൻ എത്തും ശലഭവും
ഹരിതമാമീ പ്രപഞ്ചവും
അതിൽ നരജന്മമെത്ര സുകൃതം
ഭൂമിയെ ഇരു കൈകളാലേ
നരൻ അമ്മാനമാടാൻ തുടങ്ങി
ഉപഗ്രഹങ്ങളിൽ ചെന്നു ചേർന്നു
പർവ്വതസാനുക്കൾ കീഴടക്കി
അഹങ്കാരം മനതാരിൽ വന്നുചേർന്നു
ലോകത്തെ കീഴടക്കാൻ
അവൻ വൈറസ്സിൻ കൂട്ടു തേടി
നരജന്മം വിഫലമായ്ത്തീർന്നു
ലോകം സ്തംഭിച്ചു നിന്നു
മരണത്തെ മുന്നിലായ് കണ്ടു
വഴികളിൽ വീണു പിടഞ്ഞു
അതിജീവനത്തിനായ്
പ്രാണനും കൊണ്ടു പായുന്നു
ഇനിയെങ്കിലും നീയറിയൂ
പ്രപഞ്ചമാണ് മാതാവെന്ന്

**അനുപമ എം എസ്**
8 D വിക്ടറി ഗേൾസ് എച്ച്. എസ്. നേമം
ബാലരാമപുരം ഉപജില്ല
തിരുവനന്തപുരം

# രോഗപ്രതിരോധം..

ലോകത്തെ പിടിച്ചുലച്ചവൾ
ഇവൾ
വന്നതെവിടെ നിന്ന്
ഇല്ല
തളരില്ല ഞങ്ങൾ
തുരത്തും ഞങ്ങൾ
തുരത്തും നിന്നെയും
എങ്കിലും കാണിച്ചു തന്നു നീ
ശുചിത്വത്തിന്റെ പ്രസക്തിയെ
കാട്ടി നീ നാല് ചുവരുകൾക്കുള്ളിലെ ജീവിതത്തെ
അഹങ്കരിച്ചു നിന്ന ലോകത്തെ
ഒരുമയുടെ പാഠം പഠിപ്പിച്ചു
കൈകോർത്ത് പിടിച്ചിരുന്നവരെ
വേർപെടുത്തി നീ
എങ്കിലും നേരിടും ഞങ്ങൾ
നിന്നെ ഒറ്റക്കെട്ടായി
നാളെയെ ജയിച്ചിടാൻ ഇന്ത്യ എന്ന വീട്ടിൽ!!

**അഖിൽ എ**
6C വിമല ഹൃദയ എച്ച്,എസ് വിരാലി
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# അതിജീവനം

ഒരു കുഞ്ഞുസൂക്ഷ്മാണു
സംഹാരതാണ്ഡവമാടുമ്പോൾ
വിറങ്ങലിച്ചു നിൽപ്പൂ ലോകം
രോഗഹേതുവാലെ മരിച്ചു വീഴും പതിനായിരങ്ങളും
രോഗഭീതിയാലെ മരിച്ചുവീഴുന്ന പതിനായിരങ്ങളും.....
ഒരു കുഞ്ഞുസൂക്ഷ്മാണു
പെറ്റുപെരുകി നമ്മെ ഭീതിയിലാഴ്ത്തുമ്പോൾ...
കവചമണിഞ്ഞു കർമ്മനിരതരായി അണിയറപ്രവർത്തകരും
നാടിന്റെ കാവലിനായ് പൊരുതുന്ന കാവൽഭടന്മാരും
ലാത്തിയെറിഞ്ഞും ആട്ടിയോടിച്ചും
നാടിനെ സേവിക്കും പോലീസുകാരും
നയങ്ങൾ മെനഞ്ഞു നാടുഭരിക്കും
ഭരണകൂടവും
ഒരു കുഞ്ഞു സൂക്ഷ്മാണു
വിതറും മാരിയോടു പൊരുതാനായി
അണിഞ്ഞൊരുങ്ങീടുന്നു നാം...
സ്നേഹഹസ്തങ്ങൾ
നീട്ടും ധ്രുതകർമ്മ സേനയും
അകലലിൽ സ്വരക്ഷയെ
കരുതും ജനതയും
ഒരു നല്ല നാടിനെ
രോഗമുക്തിയാം നന്മയ്ക്കായി ഒരുങ്ങീടുന്നു
ഈ മാരിയെ അതിജീവിക്കാൻ ഒരുങ്ങിയിറങ്ങീടുന്നു....

**ഫിദ ഷെറിൻ വി പി**
10 B ശാന്തിനികേതൻ എച്ച്.എസ്സ്.തിരുവള്ളൂർ
തോടന്നൂർ ഉപജില്ല
കോഴിക്കോട്

# മാനവഭീതി

വിദ്യയിൽ കേമനാം മാനവരൊക്കെയും
വിധിയിൽ പകച്ചങ്ങു നിന്നിടുമ്പോൾ
ഓരോരോ ജീവനും ഭീഷണിയായി
വിലസുന്നു ഉലകിലൊരു സൂക്ഷ്മജീവി
ഇനിയാര് ഇനിയാര് മുൻപന്തിയിലെന്നു
രാഷ്ട്രങ്ങളോരോന്നും ഭയന്നിടുന്നു
ചിലർ ഓടാൻ ശ്രമിക്കുന്നു ഭീരുക്കളായി,
ചിലർ മുന്നോട്ട് നീങ്ങുന്നു ധീരന്മാരായ്
കൊറോണയുണ്ടത്രേ കൊടും ഭീകരൻ,
അവനൊരു കൃമികീടമെങ്കിലും
അഖിലലോകവും വിറപ്പിച്ചു കൊണ്ടവൻ
അതിവേഗം പടരുന്നു കാട്ടുതീയായി...
ദുഖമുണ്ട് മനസ്സകമെല്ലാമേ
പാവം മനുജരെ ഓർത്തിടുമ്പോൾ
സത്യത്തിൽ ഈ ഗതി
ചൂണ്ടിക്കാട്ടുന്നത്
സത്യമാർഗത്തിൻ ദിശയല്ലയോ?

**അഞ്ജലീന തോമസ്**
8 A സാന്തോം .എച്ച് .എസ്.എസ്.കൊളക്കാട്
ഇരിട്ടി ഉപജില്ല
കണ്ണൂർ

# ശുചിത്വം

ധനമല്ല നമ്മുടെ  സമ്പത്ത്
ആരോഗ്യമാണല്ലോ  സമ്പത്ത്
ആരോഗ്യമില്ലെങ്കിൽ എന്താകിലും
ഫലപ്രദമല്ലല്ലോ സമ്പത്ത്
ആരോഗ്യമുണ്ടാവാനെന്തു വേണം
ശുചിത്വമല്ലോ  സുപ്രധാനം
ശുചിത്വം ഉറപ്പ് വരുത്തുവാനായ്
പരിശ്രമിക്കേണം നാമൊന്നായി
അരോഗദൃഢഗാത്രനായി
സന്തോഷമോടെ ജീവിച്ചിടാൻ
ഉശിരനായി വാണിടാൻ
ശുചിത്വമൊന്നേ വഴിയുള്ളൂ.

**മുഹമ്മദ് ഫാലിഹ് പി പി**
6 B സി. എം.എസ്.എച്ച്.എസ്. അരപ്പറ്റ
വൈത്തിരി ഉപജില്ല, വയനാട്

# ജീവിതത്തിലേക്കുള്ള താക്കോൽ

വികസനമാണത്യുന്നതം
വികസിതരാജ്യമാണത്യുന്നതം
വേണ്ട വേണ്ടിനി ഈ വാക്യം
വേണ്ട വേണ്ടിനി ഈ ഭാവം
വികസിതമാമൊരു നഗരം
പുതു വികാസത്തിൻ വേദിയായി
കൊറോണ എന്നൊരു വൈറസ്
കോലാഹലത്തിൻ ഉറവിടമായി
കൊല്ലുന്നു പൂട്ടുന്നു മാനവനെ
അതിമോഹം എന്ന ദുരാഗ്രഹത്തെ
ഒന്നിച്ച് പൂട്ടിടാം കൊറോണയെ
പ്രതിരോധമെന്നൊരു താക്കോലിനാൽ

**ഗോകുൽ ഗിരീഷ് ജി ഐ**
8 C വി വി എച്ച് എസ് എസ് നേമം
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# അതിജീവനം

ഇന്നലെ പ്രളയവും നിപ്പയും വന്നു പോയ്
ഇന്നിതാ കൊറോണയാം സൂക്ഷ്മാണുവും
മാനവ ജീവിതശൈലികളൊക്കെയും
ഈ അണുവിന്റെ ഭീതിയിലൊളിച്ചിടുന്നു.
കാലം ഇത് മറ്റൊരു കാലം
അതിജീവനത്തിന്റ കാലം
മഹാമാരി നിറഞ്ഞാടും കാലം
പൂജകൾ ഇല്ല കുർബാനയും ഇല്ല
അഞ്ചു നേരത്തിലെ നിസ്ക്കാരവുമില്ല
കാപട്യക്കച്ചവടം വരുമാനമാക്കിയ
ആൾദൈവങ്ങളെ കാണുന്നില്ല
മാസ്ക് ധരിക്കണം കൈകൾ കഴുകണം
വീട്ടിൽ ഒതുങ്ങണം ഓർമ്മ വേണം
ഭയമേതുമില്ലാത്ത പരിഭ്രാന്തി ഇല്ലാതെ
മുന്നോട്ടുനീങ്ങിടാം കരുതലോടെ
കരുതിയിരിക്കാം നല്ലോരകലം അപ്പോഴും
കാക്കണം മനസ്സടുപ്പം
എങ്കിലേ നാളത്തെ നന്മയാകൂ.
ആരോഗ്യ ശീലങ്ങൾ ചേർത്തു വെക്കാം
അതിജീവനത്തിന്റെ പൊരുളറിയാം
അകമേ മനുഷ്യത്വത്തിരി കൊളുത്താം
ഓർമ്മിച്ചു നിന്നിടാം
പൊരുതി മുന്നേറിടാം
ഈ അണുവിന്റെ
നാശം വരുംനാൾ വരെ ......

**DRUPATH.S.VICKY**
5A C .M .S .H .S Puthuppally
കായംകുളം ഉപജില്ല
ആലപ്പുഴ

# തിരിച്ചറിവ്

മഹാമാരി പെയ്തിറങ്ങി.
അഹംഭാവം പോയ്മറഞ്ഞു.
സാമ്രാജ്യങ്ങൾ തകർന്നടിഞ്ഞു.
പൊയ്മുഖങ്ങൾ അടർന്നുവീണു.
വർഷിച്ചിടുന്നില്ലെങ്ങുമേ ബോംബുകൾ!
ഗർജിച്ചിടുന്നില്ലെങ്ങുമേ തോക്കുകൾ!
കെട്ടടങ്ങീ ശബ്ദഘോഷങ്ങൾ
വിജനമായ് വീഥികൾ!
അലിഞ്ഞുചേർന്നൂ ആംബുലൻസിൻ
മുഴക്കങ്ങളീക്കെട്ട വായുവിൽ!
ഏകാകിയായവൻ നിന്നിടുന്നു
കൈകഴുകി പാപക്കറ നീക്കിടുന്നു
മുഖം മറച്ചോടുവാൻ ശ്രമിച്ചിടുന്നു
മർത്ത്യരും വൈറസും തമ്മിലുള്ള
അടർക്കളത്തിലവൻ പകച്ചു നിൽപ്പൂ
തോൽപ്പിച്ചിടേണമീവൈറസിനെ
അതിനായ് തെറ്റുകളെല്ലാമേറ്റു ചൊല്ലാം
സ്നേഹത്തിൻ ഗീതങ്ങൾ പകർന്നു നൽകാം
മാനവർ തമ്മിലകന്നെന്നാലും
മനസ്സുകൾ തമ്മിലടുത്തു നിൽക്കാം
അതിരുകളൊക്കെയുംഅടർത്തി മാറ്റാം
തിരിച്ചറിവിന്റെ പുതിയ കാലം
അതിജീവനത്തിൻ പുതിയ പാഠം
കൊറോണ' സമ്മാനിക്കും
സുവർണകാലം

**ഭദ്ര എ എം**
8 സി സി എൻ എൻ ജി എച്ച് എസ്സ്
ചേർപ്പ് ഉപജില്ല
തൃശ്ശൂർ

# കൂട്ട്

ഞാനും നീയും ഇന്ന് കൂട്ടിലാണ്,
നിന്നെ അടച്ചത് ഞാനാണെങ്കിൽ
എന്നെ അടച്ചത് വൈറസാണ്.
ഭയമാണിന്നെനിക്കു കൂട്ട്
കൊറോണ ഇന്ന് മനുഷ്യനെ മാറ്റി .
ഇന്നെന്റെ കൂട്ടിൽ എല്ലാവരും
ഒരുമിച്ച് ഉണ്ടു.
കൂട്ടുകാരും ബന്ധുക്കളും
ഫോണിലൊതുങ്ങി.
നിന്റെ ഉള്ളിലെ ഭയം
ഞാൻ അറിയുന്നു.
അതിനാൽ
നിന്നെ സ്വതന്ത്രയാക്കി ഞാൻ
നമുക്ക് ഒരു നല്ല നാളേയ്ക്കായി
കാതോർക്കാം.
നീ പറന്നകലും വഴിയിൽ
നന്മനിറയട്ടെ..

**ഗൗതമി**
9 സി പി പി എച്ച് എം എച്ച് എസ്സ് എസ്സ് ഒഴൂർ
താനൂർ ഉപജില്ല
മലപ്പുറം

# മഹാമാരി

മഹാമാരി
മാറുകീറി മരിച്ച പുഴയിന്നു
തേങ്ങുവാൻ പാടുപെട്ടിഴയുന്നു,
മർത്ത്യാ നീ
മതിവരാതിന്നു പാനം ചെയ്തതീ നീരല്ല
മണ്ണിന്റെ രക്തം അതൊന്നത്രേ..
ഇനിയെന്തു ബാക്കിയേ ഭൂമിയിൽ മരിക്കാതെ
മതം അതുമാത്രമോ
പൂവില്ലാ കായില്ലാ
പുൽനാമ്പിൽ പച്ചപ്പ് പോലുമില്ല
കുന്നുരുക്കി പൊന്നാക്കി എന്നു നിനച്ചു
നീ കുഴിച്ചതു നിന്റെ കല്ലറ.
മാരി മഹിരാവണരൂപത്തിൽ വന്നു നിൻ
മാറു പിളർത്തുവാൻ നോക്കും നേരം
ഹൃദയം കാണുവാൻ കഴിയില്ലതിന്
കാണുന്നതാ കൂർത്ത കല്ലു മാത്രം
ആ കല്ലിന്ന് നിന്റെ ശ്മശാനത്തിൽ നാട്ടുമ്പോൾ
കരുതും നീ ഞാനൊരു ചെടി നട്ടെങ്കിൽ........

**സഹ്ല**
9 ബി സി.പി.പി.എച്ച്.എം.എച്ച്.എസ്സ്.എസ്സ്. ഒഴൂർ
താനൂർ ഉപജില്ല
മലപ്പുറം

# കൊറോണാക്കാലം

മാർച്ചുമാസം വന്നെത്തി
പരീക്ഷകളെല്ലാം ആരംഭിച്ചു
എല്ലാവരെയും ആശങ്കയിലാഴ്ത്തി
കൊറോണാക്കാലം വന്നെത്തി

കേരളമണ്ണിനേയും ദു:ഖത്തിലാഴ്ത്തി
കൊറോണാ വൈറസ് വന്നപ്പോൾ
രോഗബാധ തടയാനായി
ലോക്ഡൗണിലായി നാമെല്ലാം

വാഹനഗതാഗതമെല്ലാം നിലച്ചു
യാത്രകളെല്ലാം അവസാനിച്ചു
വീടുകളിലായ് മാനവരെല്ലാം
ഭീതിയിലാഴ്ത്തി എല്ലാവരെയും

ലോകരാജ്യങ്ങൾ ഓരോന്നായി
രോഗബാധയ്ക്കടിപ്പെട്ട്
ദു:ഖത്തിലായി നിരാശയിലായി
ഓരോ ദിനവും തള്ളിനീക്കി.

നാട്ടാരും വീട്ടാരും ലോകമെമ്പാടും
കൊറോണായെ തുരത്താൻ നില്പായി
വീടുകളിൽ കഴിഞ്ഞ് സുരക്ഷിതരായി
പോരാടിയല്ലോ ഒറ്റക്കെട്ടായി നാമെല്ലാം.

**അൽഫോൻസാ ജെയ്സൺ**
V സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്. പെരിങ്ങുളം
ഈരാറ്റുപേട്ട ഉപജില്ല
കോട്ടയം

# വിരഹ ഗാനം

രാപ്പക്ഷി പാടുന്ന രാഗം കേൾക്കേ
പിടയുന്നു എൻ മനം നീറിടുന്നൂ ....
ആ പാട്ടിൽ ചിതറിടും ദു:ഖമുണ്ട്.
ആ പാട്ടിൽ ചിതറിടും സ്വപ്നമുണ്ട്,
മാനുഷർ വെട്ടിക്കൊലപ്പെടുത്തിയ
ആ മാവിൻ കൊമ്പത്ത്
തൻ ഓമനക്കുഞ്ഞുങ്ങൾ പാർത്തിരുന്നു..
ഇര തേടിപ്പോയ ആ രാപ്പക്ഷി
കണ്ടത് ചിന്നിച്ചിതറിയ തൂവലും
രക്തം പുരണ്ടൊരു കൂടും മാത്രം.....!!
തൻ കുഞ്ഞുങ്ങളെ കൊന്ന മനുഷ്യർക്കെതിരെ
പാടിടുന്നൂ ആ ശോകഗാനം

**ഷഹാന ഷെറിൻ**
7 B എ.യു.പി.എസ് പറപ്പൂർ
വേങ്ങര ഉപജില്ല
മലപ്പുറം

# മഹാമാരി

കൊറോണ എന്ന മഹാമാരി
ലോകത്തെ നടുക്കിയ മഹാമാരി
ചൈനയിൽ തുടങ്ങി ലോകം മുഴുവൻ പടർന്ന മഹാമാരി

മനുഷ്യനിൽ നിന്ന് മനുഷ്യനെ അകറ്റിയ മഹാമാരി
സ്വയം ജേതാവെന്നു പുകഴ്ത്തിയ മനുഷ്യാ ..
നിന്റെ കർമ്മഫലം തന്നെയല്ലേ ഈ മഹാമാരി

മനുഷ്യന് തിരിച്ചറിവേകിയ ചെറു ജീവിയേ
തോൽക്കാതിരിക്കാനാവില്ല നിനക്ക്
സുമനസ്സുകളുടെ യുദ്ധവീര്യത്തിനുമുന്നിൽ

**അജിത്ത്**
7 ഇ ശബരി വി.എൽ.എൻ.യുപി.എസ്. വിളയംചാത്തനൂർ
കുഴൽമന്ദം ഉപജില്ല
പാലക്കാട്

# എന്താണ് പ്രകൃതി

ഒരിക്കൽ അമ്മ എന്നോട് ചോദിച്ചു,
എന്താണ് പ്രകൃതി എന്ന്.
ഞാൻ വ്യത്യസ്തമായ
പുസ്തകങ്ങളിലൂടെ സഞ്ചരിച്ചു.
പുറത്ത് പലയിടത്തും പോയി പരതി.
എന്നിട്ടും അതിനുത്തരം ഇപ്പോഴും
ഒരു ചോദ്യചിഹ്നമാണ്.
ചിലപ്പോഴെനിക്ക് തോന്നും
പ്രകൃതിയൊരു നവവധുവാണെന്ന്,
കാരണം
അതിന് ഹരിതാഭമായ വസ്ത്രങ്ങളും
കാലത്തിനനുസരിച്ച്
വർണ്ണം മാറുന്ന അത്ഭുതകരമായ
ആഭരണങ്ങളുമുണ്ട്.
ചിലപ്പോളെനിക്കു തോന്നും
പ്രകൃതിയൊരു കളിസ്ഥലമാണെന്ന്,
കാരണം
വ്യത്യസ്തമാർന്ന മൃഗങ്ങളും പക്ഷികളും
പിന്നെ വിശാലമായ കളിസ്ഥലങ്ങളും
നമ്മുടെ മനസ്സിനെ തണുപ്പിക്കും.
ചിലപ്പോളെനിക്ക് തോന്നും
പ്രകൃതിയൊരു സംഗീത ലോകമാണെന്ന്
നൂറുകണക്കിന് അവിടുത്തെ മത്സരാർത്ഥികൾ
വ്യത്യസ്ത ഗീതങ്ങളാൽ മറ്റുള്ളവർക്ക് ശക്തി പകരുന്നു
കൂടെ നമ്മെ അതിലേക്ക് ആഴ്ത്തിയിറക്കുന്നു
കാര്യമിതാണ് ,
ഇപ്പോഴും എനിക്കിതിന് ഉത്തരം കിട്ടിയിട്ടില്ല
എന്താണ് പ്രകൃതി
ലോകമതിനെ തിരയുന്നു.
എന്നാൽ പ്രകൃതി നാംതന്നെയാണ്.......

**അദ്വൈത് കൃഷ്ണ .എസ്**
6A മുണ്ടക്കര എ.യു.പി. സ്കൂൾ
ബാലുശ്ശേരി ഉപജില്ല
കോഴിക്കോട്

# നന്മ

ഓരോ വിത്തുമൊരു നന്മയാണ്
ഓരോ നന്മയും നമ്മളാണ്
ഓരോ വിത്തും ഭംഗിയായി
ഓരോ ചെടിയും നന്മയായി
തണലും തരുന്നു
വെയില് മറയ്ക്കുന്നു
മഴയും തരുന്നു
എന്തൊരു ഭംഗിയെൻ നാട്
മണ്ണിനെയറിയുന്നു നമ്മൾ
നേരിന്റെ വിത്തറിയുന്നു നമ്മൾ
ഒരു വിത്തു മിഴിതുറന്നെങ്ങോട്ടു പോകുന്നു
ചെടിയായി തണലായി വെയില് മറയ്ക്കുന്നു
ഓരോ വിത്തുമൊരു നന്മയാണ്
ഓരോ നന്മയും നമ്മളാണ്.

**ദേവനന്ദ.സി**
6A മുണ്ടക്കര എ.യു.പി.സ്കൂൾ
ബാലുശ്ശേരി ഉപജില്ല
കോഴിക്കോട്

# നെന്മണി

പാടവരമ്പിലെ
വിത്തും കൈക്കോട്ടും
പാണനു കിട്ടിയ വരദാനം
പകലന്തിയോളം വേല ചെയ്തു
പാടത്തു നെന്മണി വിത്ത് വിതച്ചു
നനവാർന്ന നെന്മണി മുളച്ചു പൊന്തി
കതിർ കറ്റയായി
വിളഞ്ഞു നിന്നു.

**വേദനന്ദ**
1 കോട്ടൂളിയു പി സ്കൂൾ
ചേവായൂർ ഉപജില്ല
കോഴിക്കോട്

# അമ്മഭൂമി

അങ്ങ് സൂര്യനുദിച്ചു കണ്ണീരോടെയെങ്കിലും
ഭൂമി ചിരിച്ചു
കുറേ കാലമായി അത്
അവൾക്കൊരു ശീലമാണ്.
മാനവർ അവളുടെ മുലയറുത്തപ്പോഴാണ്
അവൾ ആദ്യമായി
കണ്ണീർ വാർത്തത്.
ആ കണ്ണിരിൽ കുതിർന്ന്
മഹാസൗധങ്ങൾ തകർന്നപ്പോഴും
അവൾ കരഞ്ഞു കൊണ്ടേയിരുന്നു
അവസാനത്തെ ബാഷ്പവും
തീർന്നപ്പോഴാണ്
അവൾ വരണ്ടുണങ്ങിയത്.
വരണ്ട ചുണ്ടിലെ ചിരികണ്ട് ആകാശം പിടഞ്ഞു
മഹാമാരികൾ പെയ്ത്
അതഴിഞ്ഞാടി .
അച്ഛനും അമ്മയും തളർന്നപ്പോഴാണ് മക്കൾ
ആദ്യമായി വേദനിച്ചത്
പ്രത്യാശയുടെ കിരണമായി കുഞ്ഞുതൈകൾ കിളിർത്തു
ഭൂമിവീണ്ടും പട്ടുടുത്തു
അവളുടെ ചിലങ്കയുടെ നാദം
നാടിനെ ഉണർത്തി
കിളികൾ പാടിയാടി
അമ്മഭൂമി വാഴ്ക.!

**ദുർഗ്ഗ എം**
4 A AUPS Chembrasseri
മഞ്ചേരി ഉപജില്ല
മലപ്പുറം

# പരിസ്ഥിതി മനോഹരം

പ്രകൃതിയിയെത്ര മനോഹരം
തിങ്കൾക്കലയേന്തുന്ന തുമ്പപ്പൂ....
പൊന്നോണത്തിനലങ്കാരം
നറു നെന്മണികൾ
കന്നിവയലിന്നലങ്കാരം
കുളിർക്കാറ്റിൻ ഈണത്തിൽ
തെങ്ങോലകളാടുന്നു
കാടും മലയും ചെടിയും മരവും
പ്രകൃതിക്കലങ്കാരം
കാട്ടരുവികളും തോടും പുഴകളും
പ്രകൃതി തൻ വരദാനം
സൗവർണ്ണ സുന്ദരിയായിത്തിളങ്ങും
കൊന്നപ്പൂക്കൾക്കെന്തു ചന്തം
പുതുമഴ മണ്ണിനെ തലോടുന്ന നേരം
മണ്ണിനുമുണ്ടൊരു സുഗന്ധം
കിളിമകൾതൻ കളകളഗാനം
കേൾക്കുവാനെത്ര മധുരം
വിരുന്നറിയിക്കുന്ന കാക്കതൻനാദം
കേൾക്കുവാനെന്തൊരു ഇമ്പം
പുലരിയെ തൊട്ടുണർത്തുന്ന കിരണങ്ങൾ
പ്രകൃതിയിൽ പൊൻനിറം ചാർത്തി
സന്ധ്യമയങ്ങുന്ന നേരം മാനത്തു
ചെന്നിറം ചാർത്തുന്നു സൂര്യൻ
പാൽക്കിണ്ണവുമായി നിൽപ്പൂ വിണ്ണിൽ
പാലാഴി തീർക്കുന്ന ചന്ദ്രൻ
ഏതൊരു മനുജനും വർണ്ണിച്ചു പോകുമീ
പ്രകൃതിയിൻ സൗന്ദര്യ സൃഷ്ടികളെ
കാക്കണം നമ്മളീ മായാത്ത ഭംഗിയെ
പ്രകൃതിയല്ലയോ നാടിൻ സമ്പത്ത്

**വൈഷ്ണവി. പി. വി**
7 A എ.യു.പി.എസ്.വള്ളിക്കോട്
പാലക്കാട് ഉപജില്ല

# അദൃശ്യനായ ശത്രു

അദൃശ്യനായ ശത്രുവിൽ നിന്നും
രക്ഷപ്പെടലിൻ മാർഗ്ഗം തേടി
ശരീരം കൊണ്ടങ്ങകലുന്നു
മനസ്സുകൊണ്ടങ്ങടുക്കുന്നു.
ഉറ്റവനായാലെന്താ
ഉടയവനായാലെന്താ
കൊറോണവന്നണഞ്ഞാൽ പിന്നെ
ഏവനും ഒറ്റയ്ക്കാണപ്പോൾ
ഒറ്റപ്പെടലിലിഴയുന്നു
സമൂഹത്തിൽ നിന്നകലുന്നു
വൃത്തിയായിട്ടിരിക്കേണം
ജാഗ്രതയോടെ കഴിയേണം
ലോകം മുഴുവൻ വെട്ടിപ്പിടിക്കാൻ
മതിമറന്നു പറക്കും മനുഷ്യനെ
മറഞ്ഞിരുന്നു കൊറോണ തീർക്കും
ദാരുണമായൊരു ജീവിതചക്രം
വേരറുത്ത് വിട്ടീടണം
നരഭോജിയാം കൊറോണയെ....
ലോകശാന്തി കാക്കാനായ്......
നിതാന്ത ജാഗ്രത പാലിക്ക .
അധികാരി വാക്കുകൾ മാനിക്ക!
ലോകാ: സമസ്താ: സുഖിനോ ഭവന്തു.

**ആർ അനന്തപത്മനാഭൻ**
6A ടൈനി ടോട്സ് ജൂനിയർ സ്ക്കൂൾ. കോമളപുരം. ആലപ്പുഴ.
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# പ്രതീക്ഷയുടെ പൊൻതിരിവെട്ടം

ചെറുകണ്ണുകൾ വിടർന്നു നിൽക്കും
നിശാഗന്ധിയിൽ നോക്കിയിരിക്കെ
സുഖം പകരും ഗന്ധം എൻ
മനസ്സിനെ തഴുകവേ
എന്തെന്നറിയാതെ ഭയാനകമായ ഒരു കാറ്റ്
വീടിനു പുറത്ത്
എന്നാത്മാവിനെ വ്രണപ്പെടുത്തി കടന്നുപോകും....,...
നാലുചുമരുകൾക്കുള്ളിൽ ഒതുങ്ങിയതിനാൽ
ഈ കാറ്റിന്
നാം മനുഷ്യരെ സ്പർശിക്കാൻ കഴിയുന്നില്ല
നാം
മുഖാവരണം ധരിച്ച്
നിശബ്ദമായി ചുമരുകൾക്കുള്ളിൽ
കരുതലോടെ നിൽക്കുന്നു
മാറാൻ തയാറാകാത്ത നാം
ഇന്ന് ഐക്യത്തോടെ ശുചിത്വം പാലിക്കുന്നു
ഈ ലോകത്തെ സ്വന്തം കുടുംബമായി കരുതി
രാപ്പകലില്ലാതെ പ്രവർത്തിച്ച വൈദ്യന്മാരെയും
നമ്മെ ചികിത്സിക്കും മാലാഖമാരെയും
ഒപ്പം നിൽക്കുന്ന ഓരോരുത്തരെയും
വാഴ്ത്താം
അവർക്കൊപ്പം നമുക്കൊന്നിക്കാം
ചെറുക്കാം ഈ മഹാമാരിയെ
കൊറോണ എന്ന വിപത്തിനെ.......

**ചൈതന്യ. എ. എസ്**
10 B ലിറ്റൽ ഫ്ലവർ കോൺവെന്റ് സ്കൂൾ
തിരുവനന്തപുരം സൗത്ത് ഉപജില്ല

# കോവിഡിനോട്

കൂട്ടിനായ് വന്നൊരു കൂട്ടുകാരാ
നിന്നെ കൂട്ടില്ല കൂട്ടില്ല ഞങ്ങൾ
നാശത്തിൻ വക്കിലെത്തിക്കും നിൻ
ചതിയിൽ വീഴില്ല ഞങ്ങൾ
ക്ഷണമില്ല നിനക്കെൻ വീട്ടിലും നാട്ടിലും
ലോകത്തെവിടെയുമെന്നോർക്കിൻ
ശുചിത്വവും ശ്രദ്ധയും ഞങ്ങൾ തന്നായുധം
ഒപ്പം മരുന്നും മാസ്കും
പുറത്തേയ്ക്കില്ലിനി വീട്ടിൽ മാത്രം
എന്നു പ്രതിജ്ഞയെടുപ്പൂ ഞങ്ങൾ
ഇറ്റലിയും ബ്രിട്ടനും സ്പെയിനും ഇന്ത്യയും
ലോകത്തെവിടെയും നിൻ കളിയാട്ടം
വൻകിട ശക്തിയാം അമേരിക്കയും
മുട്ടുമടക്കി നിൻ മൃതിലീലയിൽ
മിഴിയടച്ചീടുന്നു മർത്ത്യഗണം
നിൻ ചതിയുടെ കെണിയിലകപ്പെട്ട്
എങ്കിലും രോഗമേ നീയൊന്നോർക്കുക
അരികിൽത്തന്നെയല്ലോ നിൻപതനം
ഓടിക്കും നിന്നെയീ പാരിൽനിന്നും ഞങ്ങൾ
കരളുറപ്പോടെ കൈ കഴുകി
നല്ലൊരു നാളെ കാണ്മതിനായ്
നന്ദിയേകുന്നിതാ ഞങ്ങൾ
ആരോഗ്യം കാക്കും കാവൽക്കാരേ
ഞങ്ങൾ
നിൽക്കുന്നു നിങ്ങൾ തൻ മുൻപിൽ
അഞ്ജലീബദ്ധരായ് സ്നേഹമോടെ

**ജുവൽറോസ് പ്രിൻസൺ**
3 ബി വി എൽ പി എസ് കല്ലൂർ
ചേർപ്പ് ഉപജില്ല
തൃശ്ശൂർ

# കോവിഡ് 19

നഗരവീഥിയിൽ കുന്നു കൂടുന്ന
ശവങ്ങളെ ഓർത്തു
മനസ് നീറാനോ ............
മറവു ചെയ്യാനോ ........ആരുമില്ല !
പുതിയൊരാണ്ടിന്റെ പിറവി തൊട്ട്
പിടഞ്ഞു വീണു മനുഷ്യരെങ്ങും
പിറന്ന നാടിന്റെ പെരുമയെയോ
പിറന്ന വീടിന്റെ മഹിമയെയോ
തിരഞ്ഞിടാതെയെത്തുന്ന വ്യാധി -കോവിഡ്
കൂടെപ്പിറന്നോരും,കൂട്ടുനടന്നോരും
രോഗശയ്യയിലാണ്ടു പോയി
പ്രതിവിധി ഇല്ലിതിനു പ്രതിരോധമേയുള്ളു
മനുഷ്യന്റെ ധിക്കാരത്തിനറുതിയായ്
പ്രകൃതി തീർത്തൊരു വ്യാധി- കോവിഡ്
മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്ക് പ്രവാഹമായ്
ലോകമാകെ അസ്തമിപ്പിക്കും മഹാവ്യാധിയായ്
ആധിയായ്, മഹാമാരിയായ് കോവിഡ്
വിവശരായ് വിഷണ്ണരായ് നിന്നവർക്ക്
താങ്ങായ് തണലായ് നിന്നവർ
നന്മയുടെ ദീപ്തിയായിത്തീർന്നവർ
ജീവൻ ത്യജിച്ചവർ
വീഥികൾ വിജനമായ്, ആതുരതയ്ക്ക്
അറുതിയില്ലാത്ത നഗരങ്ങൾ
തീരാത്ത മൂകത തിങ്ങും
ഇടങ്ങളിൽ ഏകാന്തതയുടെ
നെടുവീർപ്പുകൾ മാത്രം
ഒരുമയുടെ വഴിയേ തകർത്തെറിയാം
ആ ഭീകരസത്വത്തിൻ ചങ്ങലയെ.......
പാലിക്കാം ശാരീരിക അകലം
ഉറപ്പിക്കാം മാനസിക അടുപ്പം

**അരുന്ധതിദേവി**
IX A എച്ച് .എസ് .എസ് & വി .എച്ച് .എസ് .ബ്രഹ്മമംഗലം
വൈക്കം ഉപജില്ല, കോട്ടയം

# കൊറോണക്കാലം

നാം പഴമയിലേക്കു മടങ്ങിയ കാലം
പുറത്തെ ഭക്ഷണം ഒഴിവാക്കിയ കാലം
മുരിങ്ങയിലയിലേക്കും ചക്കയിലേക്കും മടങ്ങിയ കാലം
യഥാർത്ഥസുഹൃത്തിനെ മനസ്സിലാക്കിയ കാലം
മനുഷ്യൻ മനുഷ്യനെ തിരിച്ചറിഞ്ഞ കാലം
അവന്റെ അഹങ്കാരം ഇല്ലാതായ കാലം
അവൻ ഭയത്തോടെ കഴിഞ്ഞ കാലം
അവൻ ശുചിത്വവും അച്ചടക്കവും പാലിച്ച കാലം
റോഡിൽ വാഹനമൊഴിഞ്ഞ കാലം
അന്തരീക്ഷവായു ശുദ്ധമായ കാലം
സർക്കാർനിയമങ്ങളെ അനുസരിച്ച കാലം
എല്ലാറ്റിനും നമ്മൾ മിതത്വം ശീലിച്ച കാലം
കുട്ടികൾക്ക് പരീക്ഷാപ്പേടി മാറിയ കാലം
അച്ഛനുമമ്മയും ഒരുമിച്ചു വീടുനോക്കിയ കാലം

**DEVESH V B**
8 A വി.പി.എസ്.എച്ച്.എസ്.എസ് ഫോർ ബോയ്സ് വെങ്ങാനൂർ
ബാലരാമപുരം ഉപജില്ല
തിരുവനന്തപുരം

# ഞാനെന്ന ഭാവം

ഗ്രാമീണ ജീവിതത്തിൻ വശ്യതയിലലിഞ്ഞും
നഗരജീവിതത്തിൻ വർണപ്പകിട്ടിൽ മയങ്ങിയും
ഇരവിനെപ്പോലും പകലുകളാക്കി മാറ്റി
എന്തിനോ ഏതിനോ നെട്ടോട്ടമോടിയോരാ മാനവർ
നിനച്ചതില്ലേയിത്തരമൊരു മഹാമാരി തൻ താണ്ഡവം.
കുതിച്ചു പായും വാഹനങ്ങളില്ലാ നിരത്തിൽ ,
മദ്യശാലകളില്ലാ ആകർഷകമാം ഭക്ഷണമൊരുക്കുമിടങ്ങളില്ലാ ,
ഉള്ളലിഞ്ഞാ ദൈവത്തിരുമുമ്പിലണഞ്ഞീടാൻ
ഉള്ളതിലൊതുങ്ങീടാൻ, ക്ഷമതൻ പാഠം പഠിക്കാൻ
ലോകം തൻ കൈപ്പിടിക്കുള്ളിലെന്നഹങ്കരിച്ച
മാനുഷർക്കൊന്നുണർന്നു ചിന്തിക്കാൻ
വന്നു ചേർന്നതാണീ ഈശ്വരനിശ്ചിത സമയം
എങ്കിലും മാറീടുമോ മാഞ്ഞീടുമോ മാനുഷാ
നിന്നിലലിഞ്ഞു ചേർന്നൊരാ ഞാനെന്ന ഭാവം.

**നന്ദന എം ജെ**
7 B വി സി എസ് എച്ച് എസ് എസ് പ!ുത്തൻവേലിക്കര
വടക്കൻ പറവൂർ ഉപജില്ല
എറണാകുളം

# നാശം വിതയ്ക്കുന്ന കൊറോണ

നാശം വിതയ്ക്കുന്ന കൊറോണേ......
എന്തിനീ ലോകത്ത്  വന്നു നീ....
എത്ര പേരെ നീ വധിച്ചു
എത്ര പേരെ നീ കഷ്ടപ്പെടുത്തുന്നു
നിന്നെ തുരത്തിയോടിക്കാൻ
എത്രയോ പേർ ഇപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുന്നു
ഇനിയെങ്കിലും നിനക്ക് പൊയ്ക്കൂടേ....
നിന്നെ അയയ്ക്കാൻ
ഞങ്ങളൊത്തു ശ്രമിക്കും..
കയ്യും മുഖവും സോപ്പ് ഉപയോഗിച്ച് കഴുകും..
പുറത്തുപോകുമ്പോൾ മുഖാവരണങ്ങൾ അണിയും...
ഈ വൈറസിനെ നമുക്ക് വീട്ടിലിരുന്നു കൊണ്ട് തുരത്തിയോടിക്കാം...

Stay home stay safe

**അസ്ന.എസ്**
8F വി.ജി.എച്ച്.എസ്.എസ്.നേമം
ബാലരാമപുരം ഉപജില്ല
തിരുവനന്തപുരം

# 'കൊറോണ കുതിക്കുന്നു'

മനുഷ്യവർഗം വിറങ്ങലിച്ചു
കൊറോണയല്ലോ ലോകമെങ്ങും!
ചൈനയിൽനിന്നും വിമാനമേറി ലോകമാകെ പറന്നിറങ്ങി
കാനനജീവിയിൽ നിന്നെന്നൊരുകൂട്ടർ
ജൈവബോംബാണെന്നത് മറുകൂട്ടർ
എന്തായാലും കൊറോണ താണ്ഡവമാടുകയാണ് !
മൃത്യുതൻ തണുത്ത കരങ്ങളാലാശ്ലേഷിക്കാനാഞ്ഞടുക്കും
കൊറോണയെ അകത്തളങ്ങളിലമർന്നിരുന്ന് അകറ്റിനിർത്താം
കൊറോണ കുതിക്കുന്നു
അജയ്യരായീ അരങ്ങുവാണവരടിപതറി
പണ്ഡിതരോ പാമരരോ മാനവനോ മന്നവനോ
നോട്ടമില്ലാതെ കൊറോണ കുതിക്കുന്നു
മരുന്നുമില്ല മന്ത്രവുമില്ല
വിശ്വാസികളെ മലർത്തിയടിച്ചു
കൊറോണ കുതിക്കുന്നു
നമുക്ക്
നിപ്പയെ തോൽപ്പിച്ചോടിച്ചതോർത്തീടാം
അതിജീവനത്തിനായൊരുമിച്ചു പോരാടാം
ആനന്ദമാകട്ടെ മനുഷ്യകുലത്തിനു
ഇത്തിരിക്കുഞ്ഞനെ ആട്ടിയോടിച്ചിടാം...........

**ഹീരാ**
9 എ വിദ്യാധിരാജ ഇ എം എച്ച് എസ് എസ്, ആറ്റിങ്ങൽ
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# ഭീകരൻ

ലോകത്താകെ പടർന്നു പിടിച്ചൊരു
ഇത്തിരിക്കുഞ്ഞൻ എന്നാൽ ഭയങ്കരൻ
ലോകം മുഴുവൻ വ്യാപിച്ചവൻ
ലോകരെയൊക്കെ കൊന്നൊടുക്കുന്നു

കൊറോണയെന്നു പേരിട്ടുനാം
അകലം പാലിച്ചു നീങ്ങീ നാം
ചുമരുകൾക്കുള്ളിൽ ഒതുങ്ങീ നാം
സ്വയം രക്ഷ ഉറപ്പു വരുത്തി നാം

നമ്മുടെ ജീവൻ കാക്കാനായി
ചുറ്റും നിരന്നൂ സോദരർ
ഡോക്ടർമാർ, നഴ്സുമാർ, പോലീസുകാർ
നമ്മുടെ രക്ഷയ്ക്കായെന്നും പൊരുതുന്നു

തീർത്തും ഒറ്റപ്പെട്ടുപോയ നമുക്ക്
വീട്ടിൽത്തന്നെ ഇരുന്നുകൊണ്ടു
ഹൃദയങ്ങൾ പങ്കു വച്ചീടാം
ഒന്നിച്ചെന്നും മുന്നേറാം

മറ്റുള്ളവർക്കായി പ്രവർത്തിക്കാം
അകന്നിരുന്നും ഒരുമിക്കാം
പ്രാത്ഥനയാലും പ്രവൃത്തിയാലും
തുരത്താം ഈ ഭീകരനെ.....

എന്നും നമ്മുടെ രക്ഷയ്ക്കായി
പ്രവർത്തിക്കുന്നൊരു സർക്കാരിന്
ഹൃദയത്തിന്നഗാധതയിൽ നിന്നും
ആയിരമായിരം ഭാവുകങ്ങൾ.

**നവീൻ എസ്. എസ്**
10 എഫ് വിമല ഹൃദയ എച്ച്,എസ് വിരാലി
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# കോവിഡ് എന്ന മഹാമാരി

ലോകം മുഴുവൻ കഷ്ടത്തിലായ് ,
പുറത്തിറങ്ങാൻ വയ്യേ വയ്യേ
അവിടെയും ലോക്ക് ഇവിടെയും ലോക്ക് .
ലോക്ക്ഡൗണായി ലോകം മുഴുവൻ
ലോകം മുഴുവൻ ഭീതി പടർത്തി
എത്തി നമ്മുടെ വൈറസ്സും
കൊറോണയെന്നു പേരുള്ളതിനെ ,
കോവിഡ് 19 എന്നു വിളിച്ചു നാം
കൂട്ടുകാരെ ഓർത്തിടേണം ഈ
മഹാമാരി ചെറുത്തിടാൻ
ഒന്നിച്ചീടാം തുരത്തീടാം
ഒറ്റക്കെട്ടായ് പൊരുതീടാം
നന്നായ് കൈകൾ കഴുകീടേണം
മുഖത്ത് മാസ്ക് ധരിച്ചീടേണം
സാമൂഹിക അകലം പാലിക്കേണം
ജാഗ്രതയോടെ മുന്നേറു

**ശ്രീപാർവണ**
1 A വിളക്കോട്ടൂർ എൽ പി സ്കൂൾ
പാനൂർ ഉപജില്ല
കണ്ണൂർ

# കാത്തിരിക്കുന്നു നാം

കാലമിന്ന് ഏറെയായി
പൂരങ്ങൾ എങ്ങോ പോയ്മറഞ്ഞു
കാഴ്ചയുടെ ജാലകത്തിൽ
ഇന്നു നാം തടവിലായി
സ്വപ്നങ്ങൾ തൻ തടവറയിൽ നാം
ഇന്ന് ബന്ധനത്തിൻ നോവറിഞ്ഞു
ഓർമയുടെ ചാരത്ത്
അണയാൻ കാത്തിരിക്കുന്നു നാം
നാദങ്ങൾ എല്ലാം നിലച്ച വീഥിയിൽ
നടനമാടാൻ കൊതിക്കുന്നു നാം
നനവേറിടുന്നു
കൺപീലികൾക്കിടയിൽ
നൻമയുടെ
നാടിന്റെ ഒരുമ കണ്ട്
കാത്തിരിക്കുന്നു നാം
നൻമയുടെ തിരിനാളം തെളിയുന്ന
നാളേയ്ക്കായി
കരുതലായിടാം നമുക്ക് നൻമയുടെ
കാവലാളുകൾക്കായ്

**അഭിഷേക്. എസ്**
8 C ശ്രീവിജയേശ്വരി ഹൈസ്കൂൾ, ചെറിയനാട്
ചെങ്ങന്നൂർ ഉപജില്ല
ആലപ്പുഴ

# മാരി .... മഹാമാരി

അംശിക്കും തോറ്റമേറ്റം വിപുലമാം
ശക്തി വർദ്ധിക്കുമാറ്റം കണക്കേ
ആഗോള ഭീകരനൊരണു രോഗാണു
വന്നണഞ്ഞെത്തി ധരണിയാകെ .
ഇല്ലാത്തതെന്നു കരുതുമതു നഗ്ന
നേത്രങ്ങൾക്ക് കാണാത്തതെന്നാൽ
ഈ ലോകമാകെയതു പരന്നു മഹാ
മാരിയായ് മനുജ വർഗത്തിലെങ്ങും
ഉണ്ടായതെങ്ങനെയെന്നറിയില്ല നിൻ
ജന്മമീ ഭൂവിലിത്രമേൽ
ഊറ്റം കൊടുത്തവരാരിത്ര
സംഹാരരൂപിയായ് വിലസീടുവാൻ
ഋജുവായ് ചലിപ്പതില്ലവനെവിടേയു
മെത്തീടാൻ കരുത്തു നേടി
എല്ലായിടത്തുമവനെത്തി ദുരിതം
വിതച്ച് പടരുന്നിതല്ലോ
ഏവർക്കുമതിലെത്ര ദു:ഖമര
ക്ഷിതത്വത്തിലെത്തി നിന്നീടവേ
ഐകമത്യം മഹാബലമെങ്കിലും
ഏകരായ് നാം വസിക്കാൻ ശ്രമിക്കണം.

**ഫിദ ഫാത്തിമ**
VI B സി. എം.എസ്.എച്ച്.എസ്. അരപ്പറ്റ
വൈത്തിരി ഉപജില്ല
വയനാട്

# തളരാത്ത ആത്മാവുകൾ

പെട്ടന്ന് പൊട്ടിപ്പുറപ്പെട്ടൊരീ
മഹാമാരിയാൽ വിങ്ങുന്നു
കരയുന്നിതാ സ്വർഗ ഭൂമി,
കരയാതെ പിടയാതെ നിൽക്കേണ്ടവർ നാം
കരയാൻ ജനിച്ചവരല്ല നമ്മൾ,
തോക്കല്ല വാളല്ല നമ്മുടെ ആയുധം
കഠിനമല്ലതിസരളമായായുധം.
ശുചിത്വമാം വജ്രായുധം.
നൂറു ജീവൻ കക്കുന്ന നൂറു നിറത്തോക്കല്ല
നൂറു ജീവൻ കാക്കുന്ന സോപ്പ് താൻ ആയുധം.
വജ്രായുധം പോലെ ബ്രഹ്മാസ്ത്രം പോലെ
വീര്യമുള്ളായുധം ശക്തമാം ആയുധം.
ലോകാ സമസ്താ സുഖിനോ ഭവന്തു
വെന്നുരുവിട്ടു മനസ്സുകൊണ്ടൊരുമിച്ചു നമ്മൾ
കൊടുങ്കാറ്റിലുലയാത്ത ഹിമവാൻ ആയി
കൊടുംവേനലിൽ വാടാത്ത ഉങ്ങുമരമായി
കഴിയുന്നു നാലിഷ്ടികച്ചുമരുകൾക്കുള്ളിൽ.
വസൂരിയും തോറ്റോടി കോളറ തിരിഞ്ഞോടി
നിന്നെയും തോൽപ്പിക്കും ഞങ്ങൾ സുനിശ്ചിതം.

**സൂര്യപുത്രി ഡി ബി**
9 സി പി എച്ച് എസ് കുറ്റിക്കാട്
ചടയമംഗലം ഉപജില്ല
കൊല്ലം

# നാളെയെന്ത്

ഇന്നു പെയ്ത വേനൽമഴയ്ക്ക്
എത്രയോ കഥയുണ്ട് ചൊല്ലാൻ .......
നീ പെയ്ത  വെള്ളാരം തുള്ളികൾ
ലോകത്തിൻ കണ്ണീരോ.....
നിൻ കൂടെ വന്ന ഇടിമുഴക്കം
ലോകത്തിൻ നെടുവീർപ്പോ ...
മിന്നലും കൂട്ടി നീ കൂടെ
എൻ മനസ്സിൻ തീജ്വാലയോ ...
സ്വന്തമെന്നു പറയാൻ ഒന്നുമില്ലിപ്പോൾ
മരണത്തെ മുഖമുഖം കണ്ടുനിൽപ്പുഞാൻ ......
ബന്ധത്തിൻ വില പോയി
സ്വപ്നത്തിൻ നില പോയി
കണ്ണീരും ദുഃഖവും നിറഞ്ഞോരാ
മനസ്സിനെ നീ കാക്കുകില്ലേ.....
നീ തന്നവസരം ഒന്നല്ല രണ്ടല്ല
പാഴാക്കി  ഞങ്ങൾ മനുഷ്യർ....
മാനം കറുക്കുന്നു ....
മനസ്സ്  കറുക്കുന്നു...
വിതുമ്പലും തേങ്ങലും
എങ്ങുമെങ്ങും
സ്നേഹിക്കാം പ്രകൃതിയെ
തോൽപ്പിക്കാം മഹാമാരിയെ
ശുദ്ധിയാക്കാം ശരീരവും
വൃത്തിയാക്കാം രോഗത്തെയും ....
ഒന്നിച്ചു  നിന്നിടാം
പോരാടി ജയിച്ചിടാം
ഈ കാണും യുദ്ധത്തിൽ
മാനവരാശിക്ക് വിജയം വരും .......

**കീർത്തന .കെ വി**
8 D സി.കെ.ജി.എം.ഹയർ സെക്കന്ററി സ്കൂൾ. ചിങ്ങപുരം
മേലടി ഉപജില്ല
കോഴിക്കോട്

# ലോക്ഡൗൺ സ്പെഷ്യൽ

ഇന്നലെ വരെ;
കുപ്പത്തൊട്ടിലെറിയാനും കടയ്ക്കൽ
വീണഴുകാനും മാത്രം യോഗം !
ഇന്ന്,
രാജയോഗം തെളിഞ്ഞു
മാലോകർ വാനോളം പുകഴ്ത്തുന്നു..
അവരുടെ ഗുണഗണങ്ങളെ
പുതിയ പഠനങ്ങൾ പുറത്തിറങ്ങുന്നു
അവനാണു താരം; ആയതിനാ
ലവനിപ്പോൾ മേശപ്പുറത്തുത്തന്നെ!
താഴോട്ടിറങ്ങാൻ നേരമില്ലാതായ്..
അവനാരാന്നല്ലേ?
പഴയ ചക്കക്കുരുതന്നെ
പഴയ മട്ടുമാറി, ആളിത്തിരി ഗമേലാ
ചക്കക്കുരുഷെയ്ക്ക്, ചക്കക്കുരു ജാം
ചക്കക്കുരു പുട്ട്, ചക്കക്കുരു അട
ചക്കക്കുരു പായസം, പുഡ്ഡിംഗ്...
അങ്ങനങ്ങനെ നീളുന്നു അവന്റെ
വിഭവ വൈഭവങ്ങൾ...
കഷ്ടം തന്നെ !
ഒരു കൊറോണ ലോക്ഡൗൺ
വരേണ്ടി വന്നല്ലോ മാലോകരെ
കുപ്പേലെ മാണിക്യത്തെ നിങ്ങൾ
തിരിച്ചറിഞ്ഞുപയോഗിക്കാൻ....!

**സജ്ന എസ്**
10 E സി.ജി.എച്ച്.എസ്സ്.എസ്സ്.വടക്കഞ്ചേരി
ആലത്തൂർ ഉപജില്ല
പാലക്കാട്

# ജൈവായുധം

വീടകങ്ങളിൽ
സുഭദ്രമെന്ന
സ്വാർത്ഥതകളിൽ
സുരക്ഷിതരായ നമ്മുടെ
തീൻമേശകളിൽ
ചോരചിതറാതെ
വീണ്ടും കുഞ്ഞുങ്ങളുടെ
മൃതശരീരം
വിരുന്നു വരുന്നു.
96 ലോ 97 ലോ ആകണം
അന്നേതോ
യുദ്ധവെറിയൻമാർ
ഏൽപ്പിച്ച ആഘാതത്തിൽ
എഴുതിയ നാലഞ്ച് വരികളുണ്ട്,
വാട്സ് ആപ്പും മറ്റും
ഇങ്ങനെയില്ലാഞ്ഞതിനാൽ
കാലസമയനിഷ്ഠകൾ തെറ്റാം!
ശവക്കൂമ്പാരങ്ങൾക്കു
മുകളിലൂടെ സാമ്രാജ്യത്വം
മരണ താണ്ഡവമാടുന്നത്
രുചികരമായ ഭക്ഷണത്തോടൊപ്പം
ചവച്ചരച്ചു വിഴുങ്ങുകയാണിന്നു
നാം !
മരണം എന്നും
വാർത്താ പേടകത്തിൽ
നിന്നും
മധ്യവർഗ്ഗത്തിന്റെ
തീൻമേശയിലേക്ക് നീളുന്ന
വിഭവം പോലെ
ചരിത്രത്തിന്റെ
തനിയാവർത്തനം.

**ദേവിക റ്റി യു**
9 D സി.സി.പി.എൽ.എം.എ.ഐ.എച്ച്.എസ്.പെരുമാനൂർ
എറണാകുളം ഉപജില്ല, എറണാകുളം

# പൊട്ടിച്ചെറിയാം

രണ്ടായി നാലായി എട്ടായി,
എണ്ണങ്ങൾ പെരുകുന്നു.
ഗ്രാമങ്ങളും നഗരങ്ങളും അതിർത്തികളും കടന്നെത്തുന്നു.
ജനഹൃദയങ്ങളെ ഭീതിയിലാഴ്ത്തുന്നു.
ലോകമെമ്പാടുമുള്ള ജീവന്റെമേൽ
താണ്ഡവ നൃത്തമാടുന്നു.
ആരാണിവൻ? എന്താണിവൻ?
ആർക്കുമറിയില്ല?
മനുഷ്യൻ അങ്ങോട്ടും ഇങ്ങോട്ടും
നോക്കിത്തുടങ്ങി.
പക്ഷെ, ഇവനെ കാണാൻ കഴിയുന്നില്ല.
കണ്ണുകൊണ്ടു കാണാൻ കഴിയാത്ത ഈ പഹയൻ ആര്?
അവസാനം ലോകം അവനു ഒരു പേര് നൽകി.
കൊറോണ
പാവപ്പെട്ടവനെന്നില്ല,
പണക്കാരനെന്നില്ല,
ഈ വൈറസിനു മുന്നിൽ ഏവരും തുല്യർ.
ഇന്നു
ശത്രുതയില്ല,
വിദ്വേഷമില്ല,
പണക്കൊതിയില്ല,
കൊലപാതകമില്ല
ഒറ്റക്കെട്ടായി നേരിടുന്നു,
ഒന്നായി, ഒരേ മനമോടെ...
മനുഷ്യനെ ചുറ്റി വരിഞ്ഞ
ഈ ചങ്ങലയെ തകർത്തിടും നമ്മൾ
ഒന്നായി, ഒരേ മനമോടെ...

**അലൻ ജോർജ്ജ്**
9 A സെന്റ് മേരീസ് എച്ച് എസ് എസ് കുറവിലങ്ങാട്
കുറവിലങ്ങാട് ഉപജില്ല
കോട്ടയം

# കലികാലം

മറികടക്കാം ഈ മഹാമാരിയെ..
വാനിലെങ്ങും പറക്കുന്ന കറുപ്പിനെ
ജാഗ്രതയോടെ മുന്നേറുക
സുഹൃത്തുക്കളേ
പിറന്ന മണ്ണിന്റെ മോചനത്തിനായി
എവിടെപ്പോയെന്റെ ക്രിസ്തു?
എവിടെപ്പോയെന്റെ ദേവൻ?
എവിടെപ്പോയെന്റെ റബ്ബ്?
ഭൂമിയിലുണ്ടെന്റെ സുഹൃത്തുക്കളേ..
പടവെട്ടുകയാണവർ നമുക്കുവേണ്ടി..
പല രൂപത്തിലാണെന്നു മാത്രം
ധന്യമാം ജീവിതം വാനോളം ഉയർത്താൻ
സ്വജീവിതനൗകയെ ഇരുട്ടിലേക്കുതള്ളി
ദീനരായവരെ വെളിച്ചമാക്കുന്ന നക്ഷത്രങ്ങളേ
നിങ്ങളല്ലോ ലോകത്തിന് വെളിച്ചമേന്തുന്നു
എങ്ങുപോയാ പണവും അധികാരവും
എവിടെയിന്നാ ജാതിയും മതവും
ഒറ്റയായിപ്പോയില്ലേ ..? നാമേവരും
ഭംഗിയുള്ളതെന്താണീ ഭൂവിൽ?
ശൂന്യതയെന്നത്രേ..! തെളിയിച്ചത്
ജീവിതജൈത്രയാത്രയിലെന്റെ
ജീവനെ തൊട്ടെടുക്കുന്ന മാരകരോഗം
കൊറോണയെന്നത്രേ .. പറയുന്നത്
വേടന്റെ വലയിൽ കുടുങ്ങിയ പ്രാവിന്റെ
വേദനയല്ലോ.. നമ്മുടെ നൊമ്പരം
കരളുടഞ്ഞ് വീണീടല്ലേ....
കരളുറപ്പോടെ മുന്നേറിടാം

**നേഹ രമേഷ്**
IX E സെന്റ്.മേരീസ് ഗേൾസ് എച്ച്. എസ് , കുറവിലങ്ങാട്, കോട്ടയം
കുറവിലങ്ങാട് ഉപജില്ല
കോട്ടയം

# പ്രകൃതിക്കൊരു സംഗീതം

കാണുന്നു ഞാൻ നിൻ തെളിവാർന്ന ശോഭ
കണ്ടീടുന്നു നിൻ മനം കവരും സൗന്ദര്യം
കളകളനാദംമീട്ടി ചിന്നിച്ചിതറി
ഒഴുകീടുന്നിതാ സൗന്ദര്യവതി നീ

മധുരനാദം മീട്ടി പറന്നിടും പറവകളും
ഭയരഹിതരായി കളിച്ചിടും കുട്ടികളും
ഉയർന്നുനിന്നിരുന്ന മലനിരകളും
ഗ്രാമത്തിനൈശ്വര്യമല്ലായിരുന്നോ?

എന്തെന്ത് ഞാനീ കേൾക്കുന്നത്?
എന്തൊക്കെയാണ് ഞാൻ കാണുന്നത്?
എവിടെനിൻ കാന്തി?എവിടെനിൻ ഭംഗി?
എവിടെപ്പോയെവിടെപ്പോയി എല്ലാമെല്ലാം

ഇന്നിതാ നികത്തുന്നു കുന്നുകൾ, മലകൾ
കെട്ടിപ്പടുക്കുന്നു ഫാക്ടറികൾ !
പുകതുപ്പി അങ്ങിങ്ങു പാഞ്ഞിടുന്നു
വാഹനങ്ങൾതൻ നീണ്ടനിരകൾ

ഹോട്ടലുകൾ,ഭക്ഷണശാലകളൊക്കെതൻ
മാലിന്യാവശിഷ്ടങ്ങളൊക്കെയും
നിന്നിലേക്കെത്തിയോ ഇല്ലാതാക്കിയോ
നിൻ കാന്തിയെല്ലാം കവർന്നെടുത്തോ?

ഇന്നീ ലോകത്തെ ഗ്രസിച്ചിരിക്കുന്നതാം
കൊറോണ നിൻ ശുദ്ധികർമ്മത്തിൻ ഫലമതോ?
അനുസരണയില്ലാത്ത പുതുതലമുറതൻ
ദുഷ്ചെയ്തികൾക്കുള്ള പ്രതിഫലമോ?

ശുദ്ധിയാകുന്നു വായുവും വെള്ളവും
ശുദ്ധിയാകുന്നു പ്രകൃതിസ്രോതസ്സുകൾ
ഒപ്പമായി ശുദ്ധിയാക്കിടുന്നീ പ്രകൃതി
മാനവർതൻ മാനസമൊക്കെയും

ജീവിക്കുന്നു പുഴ ജീവിക്കുന്നു തരു
പ്രകൃതിസ്രോതസ്സുകളൊക്കെയും ജീവിക്കും
മനുഷ്യർ മാത്രം ഭവനങ്ങൾക്കുള്ളിൽ
അടച്ചുപൂട്ടി കഴിയുന്നു ഭീതിയിൽ

നിപ്പ വന്നു പ്രളയം വന്നു
പഠിച്ചില്ലൊരാളും
കരുതി താൻതന്നെ വലിയവനെന്നു
അഹങ്കരിച്ചിപ്പോഴിതാ നിസ്സഹായനായി.......

മനസ്സിലാക്കീടൂ നീ മാനുഷാ
ഇനിയെങ്കിലും തിരിച്ചറിഞ്ഞിടൂ
നിൻ പ്രവൃത്തികൾതൻ പ്രതിഫലമേകാൻ
പ്രകൃതി സംസാരിച്ചു തുടങ്ങിയല്ലോ !

ഇന്നു നീ അനുഭവിച്ചീടുന്നതെല്ലാം
നിൻ ദുഷ്ചെയ്തികൾതൻ ഫലങ്ങളല്ലോ
തിരികെ വരൂ നീ നന്മകൾ ചെയ്യു
നവലോകത്തെ വാർത്തെടുക്കൂ.........

**എമി റോസ് തങ്കച്ചൻ**
IX B സെന്റ്. മേരീസ് ഗേൾസ് എച്ച്. എസ് ,കുറവിലങ്ങാട്, കോട്ടയം
കുറവിലങ്ങാട് ഉപജില്ല
കോട്ടയം

# കൊറോണക്കാലം

മാർച്ചുമാസം വന്നെത്തി
പരീക്ഷകൾതൻ വരവായി
ആശങ്കകളുടെ തേരേറി
കൊറോണാക്കാലം വന്നല്ലോ

കേരളമണ്ണിതിലെമ്പാടും
കൊറോണാ വൈറസ് വന്നപ്പോൾ
രോഗബാധ തടയാനായി
ലോക്ഡൗണിലായി നാമെല്ലാം

വാഹനഗതാഗതമെല്ലാം നിലച്ചു
യാത്രകളെല്ലാം അവസാനിച്ചു
മാനവരെല്ലാം വീടകമായി
ഭീതിയിലായി നാമെല്ലാം

നാട്ടാരും വീട്ടാരും ലോകമെമ്പാടും
കൊറോണായെ തുരത്താൻ നില്പായി
വീടുകളിൽ കഴിഞ്ഞ് സുരക്ഷിതരായി
നമുക്ക് പോരാടാം ... ഒറ്റക്കെട്ടായ്

**അൽഫോൻസാ ജെയ്സൺ**
V സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്. പെരിങ്ങുളം
ഈരാറ്റുപേട്ട ഉപജില്ല
കോട്ടയം

# കൊറോണയും പ്രകൃതിയും

കണ്ടവർ തമ്മിൽ കാണാതിരുന്നപ്പോൾ
മിണ്ടിയവർ തമ്മിൽ മിണ്ടാതിരുന്നപ്പോൾ
സ്നേഹമില്ലാത്തവർ തമ്മിൽ കൂട്ടരായി
ഈ ശീലം നമ്മളിൽ നല്ലതായി .......
നാടിന്റെ നന്മയ്ക്കായ് നമ്മൾ മാറി
നാട്ടിലെങ്ങും നമ്മൾ നന്മ പാകി
നിയമവും പാലകരുമങ്ങൊന്നായി .....
നാടും നാട്ടുകാരുമങ്ങൊന്നായി ......
വീടും പുരയിടവും വൃത്തിയാക്കി
ഇതെന്നും നല്ലൊരു ശീലമാക്കി
പാടത്തു കർഷകർ ഏറെയായി
പാടം നിറയെ തൈകളായി
പൂക്കളും കായ്കളും ഏറെയായി
പാടം നിറയെ കിളികളായി
ആരോഗ്യം സമ്പത്തും വന്നു ചേർന്നു
കൊറോണയെന്നൊരു ഭീതി മാറി
നാടെങ്ങും നല്ലൊരു കാഴ്ചയായി .

**അഭിനന്ദ് കൃഷ്ണൻ ജി**
IV A സെൻറ് മേരീസ് എൽ പി എസ് തേക്കുപാറ
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# മഹാവ്യാധി കൊറോണ

ചൈനയിൽ നിന്നുത്ഭവിച്ച്ലോകമെങ്ങും വ്യാപിച്ചൊരു
മഹാവ്യാധി കൊറോണയാം പേടി സ്വപ്നമേ
(ഓ തിത്തിത്താര........)

ബസ്സുമില്ല വാനുമില്ല ട്രെയിനും ഇല്ല പ്ലെയ്നും ഇല്ല
യാത്ര നിർത്തി വീട്ടിൽ തന്നെ ഇരിപ്പതല്ലോ
(ഓ തിത്തിത്താര........)

ജനതാ കർഫ്യൂവിലാരംഭിച്ച് ലോക്ക് ഡൗണിൽ പൂട്ടിയിട്ട്
വീടുതന്നെ ഓഫീസാക്കി ജോലി ചെയ്യേണം
(ഓ തിത്തിത്താര........)

ബൈക്കിൽ ചെത്തിപറക്കുന്ന യുവാക്കളെ മെരുക്കാനായ്
ലാത്തിക്കടി കൊടുക്കുന്ന പോലീസ് വീരന്മാർ
(ഓ തിത്തിത്താര........)

സാമൂഹ്യ അകലം പാലിച്ചു രോഗപ്രതിരോധം തീർത്തു
കോവിഡ് പത്തൊൻപതിനെ നാം ദൂരെയകറ്റും
(ഓ തിത്തിത്താര........)

**എബിൻ ബെന്നി തോമസ്**
4A സെന്റ് മേരീസ് എൽ പി എസ്സ് തേക്കുപാറ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# കാലചക്രം

അമ്മതൻ ലാളനയേറ്റു ഞാൻ നിൽക്കവേ
പുഞ്ചിരി തൂകി മൊഴിഞ്ഞതമ്മ.
സ്നേഹിക്ക ഭൂമിയെ പോറ്റമ്മയെ
നമിക്ക  നിശ്വാസമുള്ള നാൾവരെ
മഴയും വെയിലും ഋതുക്കളും നൽകി നിൻ..
ജീവിതപ്പാത പണിയുന്നവൾ
നിൻ സ്നേഹകർമങ്ങളേകിടുക.
നിൻ മൃദുലാളന നൽകിടുക.
മർത്ത്യരാം നമ്മൾ പാകീടുന്ന
കർമ്മങ്ങളാം വിഷവിത്തുകളും.
കാലമാം ചക്രത്തിൽ മാനവനേകുന്നു
ചെയ്തികൾ തന്നുടെ കർമ്മഫലം.....

**സഫ നൗറിൻ എൻ. ആർ**
9 A സെന്റ് മേരീസ് സി.ജി.എച്ച്.എസ്.എസ്.എറണാകുളം
എറണാകുളം ഉപജില്ല, എറണാകുളം

# ഒറ്റപ്പെടൽ.......

കൊറോണേ.....
മനുഷ്യകുലത്തിന്റെ അന്തകനായി പിറന്നവനേ
എന്തിനു നീ ഞങ്ങളെ എകാന്തരാക്കുന്നു
നാലു ചുമരുകൾക്കുള്ളിൽ അടയ്ക്കപ്പെടുമ്പോൾ ഞങ്ങൾ
തകർക്കുന്നു നിൻ ചങ്ങലയെ
മുഖാവരണങ്ങളിൽ അസ്വസ്ഥരാകുമ്പോഴും
പൊലിയാതെ കാക്കുന്നു ആയിരങ്ങളെ
കൊറോണേ .........
നിന്റെ ബന്ധനങ്ങളെ തകർത്തെറിഞ്ഞ്
ഞങ്ങൾ വഴിതെളിയിക്കും
പ്രതീക്ഷ തൻ പുലരിയെ

**ആകാശ്**
5 സി ശാസ്താ എ.യു.പി.സ്കൂൾ ചമ്രവട്ടം
തിരൂർ ഉപജില്ല, മലപ്പുറം

# കൂപ്പുകൈ

ആരവാഘോഷങ്ങൾ രാവുകൾ തീർന്നിതാ
ഭീതിതൻ കരിനിഴൽ വീഴുന്നിതാ,
തകരരുത് നാം തളരരുത് നാം
ദരിദ്രനില്ല ധനികനില്ല
 കരിയിലസമാനമായ് .
ലോക തത്ത്വചിന്തകൾ
ഏകീഭൂത നിമിഷമിതിൽ,
വിഷുവും ഈസ്റ്ററും റമദാനുമെല്ലാം
വെറും ചടങ്ങുകൾ മാത്രമായി .
കുഞ്ഞിളം കാലുകൾ നിശ്ചലം യാത്രയായി ഒരു പുഞ്ചിരിയാൽ,
ദുഃഖത്തിൽ സന്തോഷമായി പിറന്ന
പിഞ്ചോമന നീ ഒരു മാലാഖ.
നിനക്കായി കരുതിയ പുഷ്പവാടിയിൽ
ഇന്നു നീ മറയുകയാണോ പൂക്കളാൽ,
ഒന്നായി ചേർന്നിടാം കൈകൂപ്പിടാം
സേവനസന്നദ്ധരായ മാലാഖമാർക്കായ്.

**ആൽഫി മേരി വിൻ!സന്റ്**
10 C സെന്റ് മേരീസ് ജി എച്ച് എസ് എസ് പാലാ
പാലാ ഉപജില്ല
കോട്ടയം

# പ്രകൃതിദുരന്തം

മലചുരത്തിയ നീരുറവകൾ
അണകൾ കെട്ടി അടച്ചുനാം
പുഴ ഒഴുകിയ വഴികളൊക്കെയും
അതിരുകല്ലുകൾ പാകിനാം
കുന്നിടിച്ചുനിരത്തി നാം
പുഴകളൊക്കെ നികത്തി നാം
പണിതുകൂട്ടി രമ്യഹർമ്മം
കൃഷിനിലങ്ങൾ നികത്തി
ദാഹനീരുമൂറ്റി വിറ്റുനേടി കോടികളിന്നുനാം
ഭൂമിതന്നുടെ നിലവിളി ആരും കേട്ടതില്ല അന്നു നാം
പ്രകൃതിസങ്കടം അന്നുനിറഞ്ഞൊരീ നാളിൽ
പകച്ചുപോയി പ്രളയമാരിതന്നുടെ നടുവിൽ നാം
കൈപിടിച്ചു കയത്തിൽനിന്നു ജീവിതം തിരികെത്തരാൻ
ഒത്തുചേർന്നു നമ്മളൊന്നായ് ഒരു മനസ്സായ് അന്നുനാം
ജാതിചിന്തകൾ വർഗ്ഗവൈരമൊക്കെയും മറന്നുനാം
ഇനിയൊരിക്കലൊരൊത്തുചേരലിനൊരുദുരന്തം കാക്കണോ

**ക്രിസ്റ്റ്ബെൽ ചെറിയാൻ**
1 എ എസ് എൽ ടി എൽ.പി.സ്കൂൾ, ഭരണങ്ങാനം
പാലാ ഉപജില്ല
കോട്ടയം

# EMBERS OF HOPE

In this darkness of despair,
A blazing ember of hope
Illuminates my unconquerable soul,
When the whole world is shivering
Like an infirm autumn leaf,
In front of this Lilliputian beast,
My heart still hope for the
Upcoming prosperous spring,
When you are vulnerable
Like a boat amidst the sea without oars,
Don't you surrender in front of
The violent waves of fate,
When the dark, cruel hands of death
Invades this fragile globe,
When the wings of death embraces you,
Don't you grieve and cry,
Because it's your body not your soul
It has conquered,
When the hungry and relentless ocean
Swallows the colossal sun,
When the silent darkness
Overrun the last rays of light,
The sunset's crimson beatuy
Reminds me of the imminent sunrise...

**ജോർജ്ജ് ജേക്കബ്**
10 B സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് കടനാട്
രാമപുരം ഉപജില്ല, കോട്ടയം

# കോവിഡ് 19

എന്നെക്കൊണ്ട് മടുത്തു ജനങ്ങൾ
ലോക്ഡൗണായി വീട്ടിലുമായി
ജോലിക്കെല്ലാം തടസ്സവുമായി
യാത്രകളൊന്നും ഇല്ലാതായി
പെറ്റുപെരുകി ലോകം മുഴുവൻ
മഹാമാരിയാക്കി മാറ്റീ ഞാൻ
കണ്ണാൽ കാണാൻ കഴിയില്ലെന്നെ
എന്നുടെ രൂപം വട്ടത്തിൽ
പറയൂ പറയൂ ഞാനാര്?

**ആൻസിസിലിയ അനീഷ്**
IV A സെന്റ്. സെബാസ്റ്റ്യൻസ് യു പി സ്കൂൾ
ഇരിട്ടി ഉപജില്ല
കണ്ണൂർ

# കൊറോണ

ലോകം വിറ കൊള്ളുന്നു
കൊറോണ തൻ ഭീതിയിൽ
സ്വർഗ്ഗതുല്യമായ നഗരങ്ങളെല്ലാം
വിജനമായി
മരണത്തിൻ ഭീതിയിൽ കേഴുന്നു
കണ്ണീർപൊഴിക്കുന്നു.
ഭാരതാംബേ പരിഭ്രാന്തരായി
അലയുന്നു നിന്മക്കൾ ഞങ്ങൾ
ഒരു കൈ അകലത്തുനിന്നു
പൊരുതിടാം ഈ മഹാമാരിയോട്
ഒറ്റ മനസ്സോടെ

**ജാസ്മിൻ ബൈജു**
6 സെന്റ് മേരീസ് ജി എച്ച് എസ് എസ് പാലാ
പാലാ ഉപജില്ല
കോട്ടയം

# ജാഗ്രത തൻ സ്വരം

പറവകളെല്ലാമേ സ്വാതന്ത്ര്യ
മാർജിച്ചു മാനുഷ്യജന്മമോ
തുറങ്കലിലായപോൽ നാമിതാ
സാക്ഷികളാകുന്നു വ്യാധിതൻ
താണ്ഡവനൃത്തത്തിനെങ്ങുമേ.
വിശ്വമങ്ങാകെ ശൂന്യമായ്
യാചിക്കുകയാണിറ്റു സുഖത്തിനായ്
ശങ്കിച്ചിടേണ്ടന്നേ ചെറുത്തിടാം
രാക്ഷസത്തിരയെ ഒരുമയാൽ
പിന്തുണച്ചീടാം നിയമപാലകരേയും
ആതുര ആരോഗ്യ സേവകരേയും
സഹകരിച്ചീടാം അവർക്കൊപ്പ
മൊന്നങ്ങു കൂട്ടു കൂടിടാം
നമ്മൾ തൻ ജീവനായ്
വിനോദാഗ്രഹമെല്ലാം
അണച്ചിടാം നാളേക്കും
നാളെതൻ തലമുറയ്ക്കുമായ്
പള്ളിയില്ല പള്ളിക്കൂടമില്ല
കൂട്ടുകാരില്ല കുടുംബമില്ല
ഒറ്റപ്പെട്ടുള്ള ജീവിതം മുന്നിൽ
ആരോഗ്യരക്ഷക്കായ്
തുടങ്ങുക നാമൊരു
ജൈവകൃഷിത്തോട്ടം
തുടങ്ങി ഞാൻ വീട്ടിലായ്
അമ്മയുമൊത്തൊരു
ജൈവകൃഷിത്തോട്ടം
പയറും പാവലും ചീരയും
നട്ടു ഞാൻ
നിത്യവും വെള്ളം നനച്ചിടും
വേഗമാ വിത്തു മുളച്ചീടുവാൻ
ജാഗ്രത കാട്ടുക നാമേവരും
ഈ മഹാമാരിയെ
പിടിച്ചുകെട്ടാൻ

ദിവസവും വൃത്തിയും
ശുചിത്വവും പാലിച്ച്
മുന്നോട്ട് പോവുക ജീവനായ്
കാലവും കരുതലും
ഒരുപോലെ വേണമീ
മഹാമാരിയെ
ചെറുത്തു നിൽക്കാൻ

**ഷെഹനാസ് കെ**
4 B സെന്റ്. സ്റ്റീഫൻസ് എൽ.പി.സ്കൂൾ കള്ളമല
മണ്ണാർക്കാട് ഉപജില്ല
പാലക്കാട്

# എന്റെ മണ്ണ്

മുത്തശ്ശിയമ്മേ മുത്തശ്ശീയമ്മേ
ഇന്നെന്താണിങ്ങനെ മിണ്ടാത്തേ
ഉണ്ണിയും കൂട്ടരുമോടിയടുത്തപ്പോൾ
മുത്തശ്ശി മെല്ലെ കുനിഞ്ഞിരുന്നു
മക്കളേ, കണ്ടോ ഈ ചപ്പുചവറുകൾ
കെട്ടിക്കിടക്കുന്ന മാലിന്യവും
മാറ്റേണമിവയെല്ലാമതിവേഗംതന്നെ
ഒത്തൊരുമിക്കേണം വൃത്തിയാക്കാൻ
രോഗംപരക്കുവാൻ ഇടയായീടാതെ
നമ്മുടെ മണ്ണിനെ കാക്കേണം നാം
നാളത്തെ ഭൂമിയെ സുന്ദരമാക്കാൻ
ഉണ്ണികളേ നിങ്ങൾ പോരാടണം
മണ്ണും മനുഷ്യനും കൈകോർത്തീടേണം
നല്ലോരു പൂങ്കാവനം തീർക്കണം

**ജെറിൻ കെ രെഞ്ചു**
1 ബി എസ് എൽ ടി എൽ.പി.സ്കൂൾ, ഭരണങ്ങാനം
പാലാ ഉപജില്ല
കോട്ടയം

# സ്വർഗത്തിൽ നിന്ന്

സ്വർഗത്തിൽ കേൾക്കുന്നുണ്ട്
ഈ കരച്ചിൽ
ശ്വാസം കിട്ടാതെ
പനിച്ച് വിയർത്തു
നീ കരയുന്നത് കേൾക്കുന്നുണ്ട്

ഇനി ചെയ്യില്ല എന്നു നീ കേഴുന്നുണ്ട്
കൊല്ലില്ല,ചതിക്കില്ല
വെട്ടിപ്പിടിക്കില്ല, പറ്റിക്കില്ല
നശിപ്പിക്കില്ല, പാഴാക്കില്ല
എന്തെല്ലാം എണ്ണിക്കരച്ചിലുകൾ
കേൾക്കുന്നുണ്ടിവിടെ.

തിരുത്താൻ അവസരമേറെ
തന്നിട്ടും നീ മാത്രം മാറിയില്ല
അയ്യേ ! നിനക്കുളുപ്പില്ലേ
ഇങ്ങനെ ആണയിടാൻ
ഇല്ല ! ഇനി അവസരങ്ങൾ
അധികം തരാൻ നിനക്ക്

വൃത്തിയാക്കുക അകവും
പുറവും, ഇനിയെങ്കിലും
മനസ്സിലാക്കുക, ഈ ഭൂമി
നിനക്ക് മാത്രമായ് സൃഷ്ടിച്ചതല്ലെന്ന്.
നന്നാവുക ഇനിയെങ്കിലും
ഇങ്ങനൊരു ഓർമ്മപ്പെടുത്തൽ
ഇനിയുണ്ടാവില്ല !

**അക്ഷയ് സുനിൽ**
9F സെന്റ്. അലോഷ്യസ്. എച്ച്.എസ് എസ്. കൊല്ലം
കൊല്ലം ഉപജില്ല
കൊല്ലം

# LIFE IS PRECIOUS

The gracefulness
of a butterfly,
How gentle,
and fragile they seem.

Gently fluttering,
on a calm summer day,
floating like
a dream...

But sadly,
there time is over,
Hardly before,
it's begun.

So enjoy
your special moments,
Like a butterfly,
In the sun.

**ദേവിക ശിവദാസ്**
6 C സെന്റ്. ആന്റണീസ് എച്ച്.എസ്.എസ്. കച്ചേരിപടി
എറണാകുളം ഉപജില്ല
എറണാകുളം

# MY FRIEND

My friend, You are a precious gift
In all my life's journey ...
Born somewhere ,we live somewhere
Yet close even in lock down.

Oh friend, you are like a blossom
spread fragrance of friendship
amidst lockdown,,,,,,,
We share our hopes together
for tuning- hopes better

Oh friend ,you give strength to me...
whenever I am down,
Our friendship is flowing
calmly forward ever like the river.

Oh friend ,I am sure our friendship
shall flourish throughout our life,
A bond the Almightly has given-
to mirror His love...

**സ്നേഹ റ്റി എസ്**
9 A, സെന്റ് ആൻസ് ഹൈസ്ക്കൂൾ
ചെങ്ങന്നൂർ ഉപജില്ല
ആലപ്പുഴ

# എന്റെ നല്ല കൂട്ടുകാർ

നല്ല നാളേക്കായി ഞാൻ കാംക്ഷിപ്പു
കിളികൾ വിളിച്ചുണർത്തുന്ന പ്രഭാതത്തിനായി
പച്ചപ്പുൽത്തകിടിയിലെ മഞ്ഞുതുള്ളിക്കുള്ളിലെ
കുഞ്ഞുസൂര്യന്റെ മഴവില്ലിനായ്
മന്ദമാരുതന്റെ തലോടലേറ്റ്
പൂക്കൾ പൊഴിഞ്ഞുകിടക്കുന്ന വീട്ടുമുറ്റത്ത്
കുഞ്ഞനിയത്തിയുടെ കൈപിടിച്ച്
അണ്ണാറക്കണ്ണനോട് കൊഞ്ചാൻ മോഹം
കണ്ണെത്താ ദൂരത്തെ ആകാശത്താകെ
ചിന്നിച്ചിതറിക്കിടക്കുന്ന താരങ്ങളെ
ചീവീടുകളുടെ പാട്ടുകേട്ട്
എണ്ണിത്തീർക്കാൻ മോഹം
പക്ഷേ, ഇതെല്ലാം... എന്റെ പാഴ് സ്വപ്നമോ?
എന്റെ കൂട്ടുകാർ കൈയെത്താദൂരത്തോ?

**അൽക്ക ജോന്ന ജേക്കബ്**
1 B സെന്റ് : ജോവാക്കിംസ് യു .പി . എസ് കലൂർ, എറണാകുളം
എറണാകുളം ഉപജില്ല

# മാനവലോകം

മരുഭൂമിയായൊരു കാടുണ്ട്
കറുകറുത്തൊഴുകുന്ന പുഴയുണ്ട്
നിരപ്പായ്തീരുന്ന മലയുണ്ട്
തീരുന്ന ജീവികളേറെയുണ്ട്
ഇത് മാനവലോകം.
പ്രകൃതിയെന്നില്ല പൂങ്കാവനമെന്നില്ല
ശുചിത്വമെന്നില്ല സ്വയരക്ഷയില്ല.
ശുചിത്വമെന്നാൽ പ്രതിരോധം
മെയ്യിൽ തീർക്കും ചെങ്കോട്ട
പരിസരം വൃത്തിയാക്കാം
നമ്മെതന്നെ ശുദ്ധരാക്കാം.
നമ്മിൽ പ്രതിരോധം തീർക്കാം

**ജോയൽ ജോഷി**
4A സെന്റ്. ലിറ്റിൽ തെരേസാസ് എൽ.പി.എസ്. വാഴക്കുളം,
എറണാകുളം, കല്ലൂർക്കാട്

# ഒരു ലോക്ഡൗൺ അപാരത

നിരത്തുകളെല്ലാം പതിവിലേറെ വിജനമായിരിക്കുന്നു
സ്കൂളുകളിൽ പോകുന്ന വഴിക്ക് എന്നും കണ്ടിരുന്ന
ബാപ്പുജിയുടെ പ്രതിമയ്ക്കു മുന്നിൽ ഇന്നാ
പൊടിപടല മറയില്ല.....
തെളിഞ്ഞു കാണാം....
കിഴക്കൻ ചെരുവിൽ തെല്ലുമാത്രം
ബാക്കിയായി മൊട്ട കുന്നുകൾ
എന്തോ പിറുപിറുത്തു ചിരിക്കുന്നു.....
'പുലർച്ചെ ഹാജരാകാറുള്ള
ലോറികളും ജെസിബികളും
ഇപ്പോൾ വരാറില്ല പോലും'
കാടിന്ന് സുഖമായി ഉറങ്ങുകയാണ്,
കയ്യേറ്റക്കാരുടെ ഒരു വിവരവുമില്ലാതായിരിക്കുന്നു
ഫാക്ടറിയിലെ വിഷപ്പുക കലർന്ന് ഇരുണ്ട മാനമിന്ന്
വേനൽ മഴയ്ക്ക് ശേഷം കൂടുതൽ വ്യക്തം.
നഗരത്തിൽ സ്വൈര്യവിഹാരം നടത്തുകയാണത്രേ
നമ്മുടെ വന്യജീവിവർഗം....
അന്തരീക്ഷതാപം മൂലം
ആകാശമേൽക്കൂര പൊട്ടിവീണാൽ
ഞാൻ കടന്നുകളയാമെന്നോർത്ത
ഓസോണിലെ ആ വലിയ ഓട്ട
കാണാതായെന്ന് വാർത്തയിൽ പറഞ്ഞുകേട്ടു
ഇതിന്റെയൊക്കെ ഹേതുവിനെപ്പറ്റി
ചിന്തിച്ചലഞ്ഞ ഞാൻ എത്തിച്ചേർന്നതോ
ഈ ഇംഗ്ലീഷ് പദത്തിലും ' ലോക്ഡൗൺ'

**അമൃത വിജയൻ**
9 A സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം
കൂത്താട്ടുകുളം ഉപജില്ല
എറണാകുളം

# NO NO CORONA

No No Corona
Don't come Corona
No No crowding ground
No No shaking hands
yes, yes hand wash
Yes yes exercise
Yes yes distancing
Yes yes reading book
Yes yes painting books
Yes yes doing craft
Yes yes helping mom
No no Corona
Don't come Corona

**സാനിയ മരിയ റ്റോം**
4 B സെന്റ് മേരീസ് എൽ പി എസ് ളാലം,
പാലാ ഉപജില്ല, കോട്ടയം

# WHAT IS CORONA ?

C ---------------- Can't resist without calm
O ---------------- Over Confidence leads to danger
R ---------------- Remember to wash hands frequently
O ---------------- Obey official warnings
N ---------------- Never spit in public places
A ---------------- Always keep one meter distance away
V ---------------- Visit a hospital only if it is necessary
I ----------------- Improve your resistive power
R ---------------- Reject fake news
U ---------------- Unnecessary journeys should be avoided
S ---------------- Stay home, stay safe.

**ദേവിക**
9C ഗവ.എച്ച് എസ് എസ് മാരായമുട്ടം
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# ജാലകക്കാഴ്ചകൾ

അപൂർണതയുടെ ആകാശങ്ങൾ
വിനാശം വിതച്ച രോഗാണുവിനെപോലെ
പെയ്യാത്ത കറുത്ത മേഘങ്ങൾ
താഴെ വിജനമായ നിരത്തുകൾ
മുഖം പാതിമറച്ച മനുഷ്യജീവിതങ്ങൾ
പാഠങ്ങൾ ഇല്ലാത്ത പള്ളിക്കൂടങ്ങൾ
ദൈവങ്ങൾ തനിച്ചായ ആരാധനാലയങ്ങൾ
കൂട്ടിലിട്ട കിളിയെപോൽ പ്രവാസികൾ
ആളകമ്പടിയില്ലാതെ അന്ത്യയാത്രകൾ
ആളൊഴിഞ്ഞ കല്യാണമണ്ഡപങ്ങൾ
നായകൾ കയറിയ പീടികത്തിണ്ണകൾ
വാങ്ങാനാവാത്ത കൂലികൾ
അന്നന്നത്തെ ജീവിതം വഴിമുട്ടിയവർ
അമ്മേ വിശക്കുന്നു കരച്ചിലുകൾ
എല്ലാ കണ്ണുകളിലും ഭീതികൾ
ലോകം നശിച്ചുപോകാതിരിക്കാൻ
നമ്മുക്ക് ഒന്നായി അണിചേരാം

**അഭിരാം എസ്**
2 D സെന്റ് മേരീസ് എൽ പി എസ് ളാലം പാലാ
പാലാ ഉപജില്ല
കോട്ടയം

# WORLD OF TWO SIDES

Books leads to
A world of big thoughts
I pick'em up from my showcase and read it off.
I saw a world of two sides up there in the wall
One side was Greeny fishes
which was swimming in the blue sea and
the other was full of a dirty,
ugly creature having many number of horns in the head
and its shape was like
the bomb in the game...

I thought which side should I choose,
On the greeny side or ugly side!
When I went to follow the ugly world,
Mom occur near me and
Sanitized my hands and made me clean.
The ugly world in my book disappeared and
and I locked down the dirty creature...

When the night arrived
I looked up the sky
There I've seen the moon
Staying brighter than before.....

**അഞ്ജലി ആർ.**
12 A സെൻറ് ജോൺസ് മോഡൽ എച്ച്.എസ്.എസ്. നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല
തിരുവനന്തപുരം

# HIDDEN BEAUTY OF ENVIRONMENT

I get sad....
I live in a house near a factory
I was so excited to go out,
but now when I look out
I see nothing except smoke.
I loved gardening,
I had lots of flowers in my garden.
Now its all gone.
I wear a mask-even I am inside my house.
Soon I discovered this is not just happens here,
but the whole world.
The whole world is in danger...
My garden, people, Mom and Dad,
Cities, Nature, environment everything is in danger...
I prayed to God..
How many trees and plants are gone..
Oh, please bring them back... Bring them back...
Please give me my garden back,
Please open the eyes of those who destroy the hidden beauty
Save the environment and may
Everyone give the very heart to it.

**ROZALIN SARA SALIM**
6 H സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# മഹാമാരിയിലെ മാലാഖമാർ

കാലക്കെടുതി അലറിക്കുതിക്കുന്നു ...
കാലിടറിപ്പതിക്കുന്നു ...!!
വേച്ചു വേച്ചു വേർത്തു വിറച്ചു
കൊറോണച്ചൂടിൽ കരിഞ്ഞു വീഴുന്നു ...!
മനുഷ്യജന്മങ്ങൾ ഒന്നാകെ കെടുന്നു ...!
അകലത്തുമരികത്തും നോവിന്റെ
നരക മഹാമാരിയാടിത്തിമർക്കുന്നു!!
എവിടെയും നിലയ്ക്കാത്ത തപ്തനിശ്വാസങ്ങൾ
അന്തരംഗത്തിലിരുൾ നിറയ്ക്കുന്നു..!
എങ്കിലുമെവിടെയും ...
കനിവിന്നാഴങ്ങൾ ചുറ്റിവരിയുന്നു...
അമൃതിൻ മുത്തുകൾ പൊഴിയുന്നു...
ഭഗ്നജന്മങ്ങളിലാശതൻ കിളിക്കൂട് തീർക്കുന്നു..
ഈശന്റെ മാലാഖക്കുഞ്ഞുങ്ങൾ ...
വാക്കിൽ മധുരം നിറയുന്ന കരുതലായ്
ദുഃഖസാഗരതീരത്തു നിറയുന്ന സാന്ത്വനമായ്
ഉൾക്കരുത്തിൻ ദീപം തെളിക്കുന്നു ...
ഉണ്ണാതെ ഉറങ്ങാതെ ഓരോ ജീവനും
കാവലാളായ് കനിവിന്നുറവയായ്
കരളുറപ്പോടെ കാൽചുവട് വയ്ക്കുവോർ
മാലാഖമാരേ ..നിങ്ങളല്ലോ ധന്യർ...
കർമധീരരേ ..വാഴുക ..വാഴുക ...
നിറഞ്ഞാടുക വെളിച്ചം നിറക്കുക..
വന്ദിപ്പൂ ..മാലാഖമാരേ ...
ശിരസ്സ് നമിക്കുന്നു നിങ്ങൾ സമക്ഷം...

**ആവണി കെ സിബി**
8 A എൻ എസ് എസ് എച്ച് എസ് എസ് ചിങ്ങവനം
കോട്ടയം ഈസ്റ്റ് ഉപജില്ല
കോട്ടയം

# മഹാവ്യാധി

നമ്മുടെ രാജ്യത്ത് വന്നു പിടിപെട്ട
കൊറോണയെന്ന മഹാവ്യാധി
മനുഷ്യശരീരം കാർന്നു തിന്നുന്ന
മരുന്നുകളില്ലാത്ത മഹാവ്യാധി.

ജീവിതചക്രങ്ങൾ ഭേദിച്ചുകൊണ്ട്
കടന്നു വന്നൊരു വില്ലനായി
തൊട്ടും പിടിച്ചും ജനങ്ങളെ
മൊത്തമായ് ചേർത്തങ്ങു യാത്രയാക്കി.

ഒരുപിടി മോഹങ്ങൾ നെഞ്ചോടു ചേർത്തുകൊ
ണ്ടൊരു സ്വപ്നം പോലവർ യാത്രയായി
നമ്മുടെ മുമ്പിൽ ദൈവങ്ങളെപ്പോലെ
നമ്മളെ കാക്കുന്ന ഡോക്ടർമാരും.

ജീവിതയാതനകളെല്ലാം സഹിക്കുന്ന
മാലാഖമാരായ നേഴ്സുമാരും
അവരുടെ വാക്കുകൾ കേട്ടിടേണം
നമ്മുടെ രാജ്യത്തിൻ ജീവനായി.

**ആദിത്യ കൃഷ്ണ**
4 B എൽ എഫ് എൽ പി എസ് കാഞ്ഞിരമറ്റം
കൊഴുവനാൽ ഉപജില്ല
കോട്ടയം

# ജീവിതമാണ്

പരീക്ഷിക്കപ്പെടും
പരാജയപ്പെടും
പിൻന്തള്ളപ്പെടും
പരിഹസിക്കപ്പെടും
മനുഷ്യനാണ്
മറികടക്കണം
വിജയിക്കണം
കുതിച്ചുയരണം
നേരിടണം
കോവിഡ് 19 എന്ന
മഹാമാരിയെ നമുക്ക്
ഒന്നായി നേരിടാം
ദൈവത്തിന്റെ സ്വന്തം നാടിത്
ഒരുമതന്നെ ശക്തിയെന്ന്
തെളിയിക്കും നമ്മൾ.

**നവീൻ എസ്**
3 B അറവുകാട് എൽ.പി.എസ് പുന്നപ്ര
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# പ്രകൃതി

പ്രകൃതിയുടെ ആദ്യത്തെ പച്ച സ്വർണ്ണമാണ്,
അവളുടെ ഏറ്റവും കഠിനമായ നിറം.
അവളുടെ ആദ്യകാല ഇല ഒരു പുഷ്പമാണ്;
എന്നാൽ ഒരു മണിക്കൂർ മാത്രം.
തുടർന്ന് ഇല ഇലയിലേക്ക് കുറയുന്നു

**ഫാബിയോ ബി**
9 എ ഹോളിഗോസ്റ്റ് ബോയ്സ് ഹൈസ്ക്കൂൾ മുട്ടുചിറ
കുറവിലങ്ങാട് ഉപജില്ല
കോട്ടയം

# പോരാട്ടം

മറയുന്നു മായുന്നു
പകലിന്റെ സ്വപ്നം
നിറയുന്നു ഒഴുകുന്നു
കറുത്ത പുഴകളിവിടെ
മണമില്ലാ നിറമില്ലാ
പൂക്കളും വിരിയുന്നു
പെയ്യുന്നു പേമഴ
ഒഴുകിടാനാകാതെ
പ്രളയവും വൈറസും
വന്നു നിറയുന്നു
ഇന്നെന്റെ ജീവിതപ്പാതയിങ്കൽ
പോരാട്ടം തുടരുന്നു
തൊപ്പി വച്ച സാറന്മാരും
വെള്ളയുടുപ്പിട്ട മാലാഖമാരും
കാവലായി നിന്നീടുന്നു
നമുക്കുവേണ്ടി വീട്ടിലിരുന്നു
പോരാടാം നമുക്കീ വൈറസിനെതിരെ
വ്യത്തിയും ശുചിത്വവും പാലിച്ചു
മുന്നേറാം നന്മയുള്ള നാടിനായി

**ശ്രീഹരി.എസ്**
4 B എൽ.പി.എസ് കോവില്ലൂർ
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# ഒരു കൊറോണക്കാലം - തുള്ളൽ പാട്ട്

കൊറോണ വൈറസ് വന്നേ വന്നേ
അവധിക്കാലം പോയേ പോയേ
വിഷുവും ഇല്ല ഈസ്റ്ററുമില്ല
വീട്ടിലാണേൽ പൈസയുമില്ല
അച്ഛനാണേൽ ജോലിയും ഇല്ല
സർക്കാർ തന്നൊരു റേഷൻകൊണ്ട്
കഞ്ഞികുടിച്ചു വീട്ടിലിരിക്കാം
കളിയും ചിരിയും കാര്യവുമെല്ലാം
വീട്ടിൽത്തന്നെ നാരായണജയ
ഇന്നുതീരും നാളെത്തീരും
എന്നുംപറഞ്ഞു നോക്കിയിരിക്കാം
എന്നാൽ ഇതുകൊണ്ടൊരു ഗുണമുണ്ടായ്
അച്ഛനുമമ്മയും ചേച്ചിയും ഞാനും
ഒന്നിച്ചാണേ എല്ലായ്പ്പോഴും
നാരായണജയ നാരായണജയ (4)

**അർജുൻ രാജ്**
III A ചേരാവള്ളി എൽ പി എസ്
കായംകുളം ഉപജില്ല
ആലപ്പുഴ

# ഒന്നാണു നാം

മതമില്ല രാഷ്ട്രീയ വൈരമില്ല
മനമൊന്ന് മതമൊന്ന് മനുഷ്യരെന്ന്
തുരത്തീടാം കോവിഡ് മഹാമാരിയെ
ശുചിത്വവും കരുതലും മാത്രംമതി
വേണമൊരു പ്രളയവും മഹാമാരിയും
നാം ഒന്നെന്ന ബോധം മനസ്സിലാക്കാൻ
വേണ്ട നമുക്ക് മതരാഷ്ട്രീയ വൈരങ്ങൾ
നാം ഒന്നെന്ന ബോധം നമുക്കുവേണം

**ഗൗരികൃഷ്ണ.എം.എ**
3B എൽ.പി.എസ്.കോഴിക്കോട്
വെളിയം ഉപജില്ല
കൊല്ലം

# മറുപടി

ആഴത്തെക്കുറിച്ച് കടലിനോട് ചോദിച്ചപ്പോൾ മറുപടി
സ്നേഹമായിരുന്നു....
ഉയരത്തെക്കുറിച്ച് ആകാശത്തോട് ചോദിച്ചപ്പോൾ മറുപടി
നന്മയായിരുന്നു...
വിശാലതയെക്കുറിച്ച് മരുഭൂമിയോട് ചോദിച്ചപ്പോൾ മറുപടി
മനസ്സായിരുന്നു...
ദൂരത്തെക്കുറിച്ച് യാത്രയോട് ചോദിച്ചപ്പോൾ മറുപടി
അറിവായിരുന്നു...
സ്വാതന്ത്ര്യത്തെക്കുറിച്ച് കാറ്റിനോട് ചോദിച്ചപ്പോൾ മറുപടി
ചിന്തകളായിരുന്നു...

**അശ്വിൻ ഷിബു**
9 എ ഹോളിഗോസ്റ്റ് ബോയ്സ് ഹൈസ്ക്കൂൾ മുട്ടുചിറ
കുറവിലങ്ങാട് ഉപജില്ല
കോട്ടയം

# കൊറോണ

സർക്കാരു നൽകുന്ന
മാർഗനിർദേശങ്ങൾ
ഒറ്റമനസ്സായി നമു
ക്കേറ്റെടുക്കാം
സത്കർമ്മമായിട്ടതിനെ
കരുതീടാം
സഹജീവീയോടുള്ള
കടമയായിക്കാത്തീടാം
നാട്ടിലിറങ്ങേണ്ട ,നഗരവും
കാണേണ്ട
നാട്ടിൽനിന്നീമഹാവ്യാധി
പോകുംവരെ
അൽപ്പദിനങ്ങൾ
ഗൃഹത്തിൽകഴിയുകിൽ
ശിഷ്ടദിനങ്ങൾ
നമുക്കാഘോഷമാക്കിടാം

**ദിയ മാത്യു**
4ഡി മാലയിൽ എൽപിഎസ്
വെളിയം ഉപജില്ല
കൊല്ലം

# വെള്ളരിപ്രാവിന്റെ കൊറോണ ഭീതികൾ

ഉലകം മുഴുവൻ ഉറക്കമാകും
കണ്ടുവോ നീ കുറേ വെള്ളരിപ്രാവുകൾ
കണ്ണുകൾ ചിമ്മാത്ത മാലാഖമാർ
കൂടില്ല കൂട്ടരില്ല ഇന്നവർക്കോ
കൂട്ടിൽ കുഞ്ഞിക്കിളികൾ തനിച്ചു മാത്രം
കൊള്ളപ്പനിയാൽ വിറങ്ങലിക്കും കുറെ
സഹജീവി ഹൃദയങ്ങൾ കേണിടുമ്പോൾ
ചിറകുകൾ ആത്മാക്കൾ ചേർത്തു പിടിച്ചവർ
കണ്ണാൽ പരസ്പരം മന്ത്രിക്കുന്നു
ഉറങ്ങരുതൂ നീ സഖി നാമുറങ്ങീടുകിൽ
ഉലകം മുഴുവൻ ഉറക്കമാകും
മരണം വിതയ്ക്കും മഹാമാരി പെയ്യുന്ന
അന്ത്യശ്വാസം കൊടുങ്കാറ്റായ് പറക്കുന്നു
ആശ്രയമില്ലാതെ ആകാശ ഗർഭത്തിൽ
ആഴ്ന്നിറങ്ങുന്ന പ്രതീക്ഷകൾ മങ്ങുന്നു
കൺചിമ്മി നിൽക്കുന്ന നക്ഷത്രദീപങ്ങൾക്കപ്പുറ
ത്തെങ്ങാനും ദൈവമുണ്ടോ ?
കൺചിമ്മി നിൽക്കുന്ന നക്ഷത്ര ദീപങ്ങൾക്കപ്പുറ
ത്തെങ്ങാനും ഈശ്വരനുണ്ടോ ?

**നിത്യശ്രീ എ എസ്സ്**
5സി മാലയിൽ എൽ പിഎസ്
വെളിയം ഉപജില്ല
കൊല്ലം

# കോവിഡിനോട്

കോവിഡേ , നമോവാകം
നിന്നെ ഞാൻ നമിക്കുന്നു
എന്തിനാണെന്നോ ,പ്രിയേ
ചൊല്ലിടാം രഹസ്യമായ്
ഭൂമിയമ്മതൻ ചൊല്ലു
കേട്ടിടാ കിടാങ്ങളെ
ചുട്ടയടിയാൽ നല്ല
പാഠം പഠിപ്പിച്ചല്ലോ !

ചന്ദ്രനിൽ സുഖവാസം
ചൊവ്വയിൽ ഫ്ളാറ്റു കെട്ടാം
ഭൂമിയെ പെരുവിരൽ
കൈകളാൽ കറക്കീടാം
മർത്ത്യന്റെയഹങ്കാരം
ഇത്രമേൽ കുതിക്കയാൽ
സ്രഷ്ടാവു പോലും സ്വയം
ലജ്ജയാൽ തല താഴ്ത്തി

ഇനിയെങ്കിലും നല്ല
പാതയിൽ ചരിക്കുവാൻ
ഇടയാകണേയെന്നും
പ്രാർത്ഥിച്ചു നിലകൊൾവൂ
ശുദ്ധമാനസരാം ചിലർ
ഭൂമിയിൽ വസിക്കയാൽ
തെല്ലിട നിർത്തൂ നിന്റെ
സംഹാര താണ്ഡവങ്ങൾ !

സ്വാർത്ഥത വെടിഞ്ഞിവർ
ഭൂമിയെ സ്നേഹിച്ചിടാൻ
ഇനി മേലൊരുക്കമാ
ണെന്നറിയുന്നൂ നൂനം,
മാവേലിനാടു പോലീ
മാനുജരൊന്നായ് വാഴും

നാളതുവരെ നീയീ
താണ്ഡവം നിർത്തീടേണം

മർത്യന്റെ യഹങ്കാര
മുനകളൊടിക്കുവാൻ ,
കോവിഡാം ചെറുകീടം
നിനച്ചാൽ മതിയാകും !
കേവലം ഫലശൂന്യം
മാനവ പുരോഗതി
ഭൂമിയെ ദ്രോഹിച്ചെന്നാൽ
എന്നുമേയധോഗതി !!

**സിന്ധു പീറ്റർ**
എൽ.എഫ്.ജി.എച്ച്.എസ്. പാനായിക്കുളം
ആലുവ ഉപജില്ല
എറണാകുളം

# സമയമുണ്ട്

ഭീതിയാൽ ഓടിയ മർത്ത്യ ജന്മം
കണ്ടു ഈ പാരിൽ കുടുംബ സ്നേഹം
പാരിൽ വിതറിയ രോഗഭീതി
നാട്ടിൽ നിറഞ്ഞാടി ഭീതി
സ്നേഹമറിയില്ല കുടുംബമറിയില്ല
മനുഷ്യനു വേണ്ടത് കാശു മാത്രം
ഇപ്പോളറിയാം, അറിഞ്ഞ് തുടങ്ങുന്നു
കാശല്ല, സ്നേഹം കുടുംബമാണ്.

**അദ്വൈത്**
2 A എൽ എം എസ് മോഡൽ എൽ പി എസ് ചെമ്പൂർ
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# ഞാൻ അവനി

അനേകകോടി വർഷങ്ങൾക്കുശേഷം...................
മനനനിപുണനായ മാനവന് ജന്മം നൽകി.
മരപ്പച്ചിലകളിലൂടെ വേഴാമ്പലും അണ്ണാനും
സൗഹൃദങ്ങൾ പങ്കിട്ടു...............
മാറ്റത്തിന്റെ ശംഖൊലി മുഴക്കി അതാ
അവൻ വരുന്നു മനുഷ്യപുത്രൻ.
തനുവിലെ തണ്ണീർക്കുടങ്ങൾ അവന്റെ കരാള
ഹസ്തങ്ങളാൽ വറ്റി വരണ്ടു.
ഹരിതാഭമാർന്ന എൻ വദനങ്ങളിൽ ചുടു
ചോര ചീറ്റിച്ചതും നീ മനുജൻ
ഞാൻ നിനക്കായ് കരുതിയ പച്ചവയൽ
പരവതാനിയിൽ നീ നിനക്കായ്
ശവമഞ്ചമൊരുക്കി.
ഒരു നാൾ ഞാനറിയാതെ ശപിച്ചു നിന്റെ
മനസ്സിലെ വികലഭാവങ്ങളെ
സംഹാരതാണ്ഡവമാടി........
കെട്ടിപൊക്കിയ സ്വപ്നസൗധങ്ങളെ
ചീട്ടുകൊട്ടാരം കണക്കെ ചുഴറ്റിയെറിഞ്ഞു
ഒരു ചെറുജീവിക്കു മുന്നിൽ തകർന്നടിഞ്ഞുപോയ്
നിൻധാർഷ്ട്യത്തിന്റെ മഹാശൃംഗങ്ങൾ
ഒടുവിൽ നീ തൊടുത്തൊരമ്പ് നിൻ
നേർക്ക് പാഞ്ഞടുക്കുമ്പോഴും
നിയറിയുന്നല്ലിത് നിൻകർമ്മഫലമെന്ന്.
മാതൃത്വം പൊറുക്കാത്ത ചെയ്തികളുണ്ടോ?
ഉറ്റവരില്ലാതെ ഉടയവരില്ലാതെ ഏകാന്തതയില
മർന്ന് അലിഞ്ഞഞ്ഞല്ലിതാവുമ്പോൾ
നീ പഠിച്ച ശാസ്ത്രത്തിനുമുന്നിൽ
പരാജിതനാകുമ്പോൾ ഒന്നോർക്കുക.............
മനമുരുകി നിനക്കുവേണ്ടി
ഈ അമ്മ മാത്രം പ്രാർത്ഥനയോടെ.............
തെറ്റാവർത്തിക്കില്ലെന്ന പ്രതീക്ഷയോടെ.......

**മാളവിക വി കെ**
9D ഏ വി ഹൈസ്ക്കൂൾ
പൊന്നാനി ഉപജില്ല, മലപ്പുറം

# കാലാവസ്ഥ

കാലങ്ങളേറെ കഴിഞ്ഞു പോയി,
കാലചക്രങ്ങൾതിരിഞ്ഞിടുന്നു,
സൗരയൂഥത്തിലൊരംഗമാം ഭൂമിയും,
സങ്കല്പ ദണ്ഡിൽ തിരിഞ്ഞിടുന്നു.

പച്ചവിരിക്കുന്ന പാടങ്ങളും
കൂറ്റൻ മലകൾ ജലാശയവും,
നീണ്ടു കിടക്കുന്ന കാടുകളും,
ഭൂമിയെ സുന്ദരമാക്കിടുന്നു.

മണ്ണിൻമകനായ് ജനിച്ച മർത്ത്യൻ,
ഭൂമിയെ ഉദ്യാനമാക്കി മാറ്റി.
മർത്ത്യർതൻ സ്വപ്നങ്ങൾ നേടുവാനായ്,
ധരണിയെ ചൂഷണം ചെയ്തു പോന്നു.

ഗ്രീഷ്മം, വസന്തം, ശിശിരമെല്ലാം
അൻപോടെ ഭൂമിയെ വിട്ടു പോയി.
കർഷകർക്കാശ്വാസമായി വന്ന
തണ്ണീർതടങ്ങൾ വരണ്ടുപോയി.

യന്ത്രക്കരങ്ങളാൽ ഭൂമിയെ കീറുന്നു.
വെട്ടിമുറിക്കുന്നൂ വൻ മരങ്ങൾ.
പൊങ്ങുന്നു കോൺക്രീറ്റു സൗധങ്ങൾ അവിടെല്ലാം.
ചൂടേറെയാകുന്നു അങ്ങുമിങ്ങും.

കത്തിക്കരിഞ്ഞു പോയി പാടങ്ങളും,
വറ്റിവരണ്ടുപോയി തോടുകളും,
ഭൗമാന്തരീക്ഷത്തിൽ ചൂടേറെയാകുന്നു.
ഹന്ത! ഈ ജന്തുക്കൾ എന്തു ചെയ്യും.

**സ്വാതി കൃഷ്ണ.ടി.ജി**
XI സയൻസ് ഗവ.ഗേൾസ് എച്ച് എസ് എസ് കന്യാകുളങ്ങര
കണിയാപുരം ഉപജില്ല
തിരുവനന്തപുരം

# വർത്തമാനകാലം

ലോകം ഭീതിയിൽ അലയുമ്പോൾ
ഉലകം ചുറ്റാൻ വിതുമ്പും മനുഷ്യാ.....
ഏകനായി ശക്തനാവുക മനം കൊണ്ട് ഒരുമിക്കുക..
കോർക്കേണ്ടത് കരങ്ങളല്ല മനങ്ങളാണ് ..
മതങ്ങൾ അല്ല മരുന്നാണ് മുഖ്യമെന്ന് മനസ്സിലാക്കൂ...
രാപ്പകലില്ലാതെ നമ്മെ ശുശ്രൂഷിക്കും മാലാഖമാർക്ക് വേണ്ടി...
കണ്ണു ചിമ്മാതെ നമ്മെ നിയന്ത്രിക്കും പടയാളികൾക്ക് വേണ്ടി....
നമ്മെ സ്നേഹിക്കും ഒരുപറ്റം മനസ്സുകൾക്ക് വേണ്ടി...
വീട്ടിലിരിക്കു'

**ദർശന**
7 ഗവൺമെന്റ്, ഗേൾസ് വി.എച്ച്.എസ്.എസ് മണക്കാട്
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# വിരുന്നുകാരൻ

മരിച്ചിട്ടില്ലിനിയും ...
മനുഷ്യ മനസ്സുകളിൽ ...
മനുഷ്യത്വമെന്ന വികാരം ...
മർത്ത്യന് ...
മനസ്സിലാക്കാൻ ...
പടി കടന്നെത്തണം ...
മഹാമാരിയോ ...
പ്രളയമോ ...
വിരുന്നുകാരനായി ......

**ഷെഹസ ഷെറിൽ**
8 T കടമ്പൂർ ഹയർ സെക്കന്ററി സ്കൂൾ
കണ്ണൂർ സൗത്ത് ഉപജില്ല
കണ്ണൂർ

# പുഴ പാഠങ്ങൾ

കാർമേഘമിഴികൾ
കറുത്തിരിക്കുന്നു
നെല്ലിൻ കതിരുകൾ
നോക്കിച്ചിരിക്കുന്നു
അങ്ങകലെ പുഴയോ
മഴയെ വിളിക്കുന്നു
പുഴയുടെ മാറിൽ മഴയൊളിക്കുന്നു .
പുഴ ജീവനാണീ ഭൂമിക്ക് നിത്യവും
പുഴ കാവലാകാൻ
മരങ്ങൾക്കു നിശ്ചയം
മണലാഴമൊട്ടും കവർന്നിടല്ലാരും
മതിയാക്ക നാം മലിന ചിന്തകളൊക്കെയും .
പൊരുതാം പ്രകൃതിക്കരുമയായ് മാറാം
കരുതാം വരും നാളിലോരോ തളിരിനും
പുഴതൻ ഹൃദയം തെളിഞ്ഞൊഴുകട്ടെ
ശുചിപാഠമൊക്കെയും പാലിക്ക നമ്മൾ.

**വൈ. മിർസാന ഷെരീഫ്**
6എ ഗവൺമെന്റ്, വി.എച്ച്.എസ്.എസ് പരുത്തിപ്പള്ളി
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# കെടാവിളക്ക്

പൈതങ്ങൾക്കുല്ലസിക്കാനുള്ളൊരീ വേനൽച്ചൂടിൽ
ഏകയായ് ശാന്തയായ് അവളിരിപ്പൂ
പൂക്കാലം വിതാനിച്ച കുന്നിൻപുറങ്ങളും
മാമ്പൂ മണക്കുന്ന മേടപ്പുലരിയും
പുത്തൻപുലരിക്കായ് കാത്തിരിക്കുന്നുവോ
ആയിരം കൊച്ചടികൾ പതിഞ്ഞൊരാ പറമ്പിന്ന്
കുഞ്ഞുപാദങ്ങളെ കാത്തിരിക്കുന്നുവോ?
മാറുന്നുവോയീ ലോകം മാറ്റുന്നുവോ?
ഇനിയൊരു പുത്തൻ പുലരിക്കായ് കേഴുന്നുവോ?
ഒത്തുചേരാത്തൊരീ കാലമാണെങ്കിലും
ഒന്നായ് നാം പൊരുതുന്നു ജീവനായ്
അരികിലാണെങ്കിലും അകലുന്നു നാമിന്ന്
അതിജീവനത്തിന്റെ പാഠവുമായ്
പൊരുതുന്നു നാമിന്ന് ഏകമനസ്സോടെ
കാലനാം വ്യാധിയെ ദൂരെയാക്കാൻ
ജാതിമത ഭേദമന്യേനാം മാനവർ
ഏകമനമോടേകലക്ഷ്യമോടെ
അടുക്കാം നമുക്കിന്ന് അണയാത്ത ദീപമായ്
കെടാവിളക്കുപോലെ ജ്വലിക്കാം
പ്രതിരോധമല്ലോ അതിജീവനമാർഗം

**ജാനകി ലാലു**
9 കെ ഗവ എച്ച് എസ് എസ് വെഞ്ഞാറമൂട്
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# കാളുന്ന തീയേ ഭയന്നിടും കാലം

പണത്തിനും
സുഖങ്ങൾക്കുമായി പ്രകൃതിയെ
ക്രൂരമായ് ചവിട്ടി അരച്ച
മനുഷ്യർക്ക് ഇപ്പോൾ
ഒന്നും ചെയ്യാനാവുന്നില്ല
ചേരികളെന്നോ, ചേലിന്റെ
നഗരികളെന്നോ
വ്യത്യാസമില്ലാതെ
മനുഷ്യർ സ്വയം തീർത്ത
തടവറകളിലാണ്
രക്ഷപ്പെടാൻ ഒരു വഴി
മാത്രം  അവനവൻ
തീർത്ത കെണിയിൽ കിടക്കുക
അതിരുകളൊന്നും
കടക്കാതെ നോക്കുക
കൈകളെ കോർക്കാതെ
മാനസം ചേർക്കുക
അകലെയിരുന്നു കൊ-
ണ്ടകതാരറിയുക

**ആരഭി സി രതീഷ്**
9G ഗവ.എച്ച് എസ് എസ് മാരായമുട്ടം
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# പരിസ്ഥിതി

മുടിപ്പിന്നൽ
കുടുക്കിട്ട എതിർപ്പുകളുടെ കുത്തനെയുള്ള ഇറക്കം

കണ്ണട
ശരീരത്തിൽ ജനലുകളുണ്ടായത് മുതൽ
ലോകത്തിന്റെ വിശാലത മുഴുവനും
എനിക്ക് മുറികളായി
പാദസരം
കാൽച്ചുവട്ടിൽ വട്ടം കൂടിനിന്ന്
തലയാട്ടുന്നവർ
തുന്നൽ
മുഴച്ചു നിൽക്കുമെങ്കിലും
വിട്ടുപോവരുതാത്തതിന്റെ
തുറന്നെഴുത്ത്
പുരികം
കൂട്ടം തെറ്റിപ്പോയ
ഒരുവരിക്കാട്
മൂക്ക്
ഉയർന്നുയർന്നു
ഒരു കുന്നായി മാറിയവൾ
പല്ല്
അപകർഷതയുടെ
ഇടവേളകളിൽ മാത്രം
ഞാൻ പുറത്തുകാട്ടുന്ന
മഞ്ഞ ഫലകങ്ങൾ
രക്തസാക്ഷി
അമ്മയുടെ
കണ്ണെറിഞ്ഞപ്പോൾ
ഉള്ളിൽ പിടഞ്ഞു
പൊട്ടിത്തെറിച്ച കടുക്മണി
പ്രസവം
മത്സ്യങ്ങളുടെ കരച്ചിൽ കേട്ട്
ഉറക്കമുണർന്ന കാട്
ചൂണ്ട കൊളുത്തുകളിൽ
വയറുതുന്നി
പതിയെ എഴുന്നേറ്റു.

**ബിനോഷിനി.**
8 A ഗവ വി ആന്റ് എച്ച് എസ് എസ് പൂവാർ
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# ചെറുത്തുനിൽപ്പ്

അറിയുന്നു നാമിന്ന് ശുചിത്വ മഹത്വം
അണിയുന്നു മുഖപടം മടിയേതുമില്ലാതെ
കഴുകുന്നു കൈകൾ സോപ്പിനാൽ നിത്യം
അകലുന്നു തമ്മിൽ കരുതലിൻ പേരിൽ
മർത്ത്യവംശത്തിന് നാശമായെത്തിയ
മഹാമാരിയാം കോവിഡിൻ മുന്നിൽ
കൈവിട്ടുപോയിടും കാര്യങ്ങളെന്നൊരു
തോന്നലിലെല്ലാരും ഞെട്ടി വിറച്ചുപോയ്
ഉണരാം ഉണർന്നിടാം ഇനിയെങ്കിലും
മാലാഖമാർക്കൊപ്പം കാവലാൾക്കൊപ്പം
കൂടാം കൂടണയാം നല്ലൊരു നാളേക്കായ്
കൊറോണയെ തുരത്തിടാം എന്നേയ്ക്കുമായ്

**അഭിജയ് ശങ്കർ**
5A ജി.എം.യു.പി സ്ക്കൂൾ വേളൂർ
കൊയിലാണ്ടി ഉപജില്ല
കോഴിക്കോട്

# എന്തുകൊണ്ട്

നമ്മൾ അലങ്കാര മത്സ്യത്തെ കൂട്ടിലാക്കി
പാറിപ്പറക്കും വർണപ്പക്ഷികളെ കൂട്ടിലാക്കി
പുഴകളെ മണ്ണിട്ട് നികത്തിയ നമ്മൾ ഭൂമിയെ മലിനമാക്കി
എന്നിട്ടും ഈ ചെറിയ കൊറോണ വൈറസ് നമ്മളെ വീടിനുള്ളിൽ പൂട്ടി
ചൈനയിൽ നിന്നും അതിഥിയായി വന്നവൻ ആതിഥേയനായി മാറി

**ആദിത്യൻ എം**
5 A സെന്റ് തോമസ് യു പി എസ് ചമ്പക്കുളം
മങ്കൊമ്പ് ഉപജില്ല
ആലപ്പുഴ

# കാറ്റിന്റെ ആത്മരോദനം

മണ്ണിന്റെ മണമുള്ള കുഞ്ഞു തെന്നൽ
കാതിൽ പറഞ്ഞു മെല്ലെ മെല്ലെ
കണ്ണീർക്കണങ്ങൾ കാറ്റിൽ പരത്തി
വിങ്ങിക്കരഞ്ഞു ആരും കാണാതെ
എൻ ജീവന്റെ ജീവനെ കണ്ടുവോ നീ?
ഹൃദയത്തിൻ നൊമ്പരമറിഞ്ഞുവോ നീ
വിഷസൂക്ഷ്മ ധൂളികൾ കാറ്റിൽ പരത്തി
എന്റെ ജീവന്റെ ജീവനെ കൊല്ലരുതേ ?
ഈ ലോകം നിനക്കുള്ളതായിരിക്കാം!
എങ്കിലും ഓരോ ജീവന്റെ സ്പന്ദനവും
കേഴുന്നു നിലനിൽപ്പിനായ് നിസ്സഹായരായ്
ജീവ ജാലങ്ങളെ കൊല്ലരുതേ
നൊമ്പരം കാണാതെ പോകരുതേ
നീ പോയാൽ ഇവിടെ ശൂന്യമാകില്ല
വളരുവാനുണ്ടേറെ   പുതുനാമ്പുകൾ

**നവ്യ പി എൻ**
8A ജി.ആർ.എസ്.ആർ.വി.എച്.എസ്.എസ്,വേലൂർ
കുന്നംകുളം ഉപജില്ല
തൃശ്ശൂർ

# COVID BRAINWASH

I am trying to fat my body.
You made me lean.
I am trying to attack Nature
You made me attached to Nature
I am trying to receive gifts of my foreign friends
You deceived me.

I am trying to drive hastily
You derived my thoughts
I am trying to detect bomb
You are protecting me
I am trying to move
You are making me immovable

Nature is going with you
Water is going with you
Air is going with you
Birds are singing with you
Animals are dancing with you
But,
You are experimenting with human beings...

**soorya**
X B ജി.എം. എച്ച്. എസ്.എസ്. സി.യു കാമ്പസ്
വേങ്ങര ഉപജില്ല
മലപ്പുറം

# ഒരു ദൈവസന്ദേശം

കരയുന്ന ഭൂമിയുടെ കണ്ണീർ തുടയ്ക്കുവാൻ
ഒരുങ്ങാത്ത മക്കൾ മനുഷ്യർ...
അരുതെന്ന മൗനമാം മൊഴിലൂടമ്മ തൻ
അതിദീന രോദനം കേൾക്കുന്നു ഞാൻ....
പിടയുന്ന പ്രാണന്റെ വേദനയ്ക്കിടയിലൂ
ടലയുന്നു മരണമൊരു രാക്ഷസിയായ്....
സൂക്ഷ്മമാം വൈറസിൻ ബാധയേൽക്കാതെത്ര
സൂക്ഷിച്ചിരിക്കേണ്ടി വന്നു നമ്മൾ.....
ഓർക്കുക മർത്ത്യാ ,നിൻ സ്വാർത്ഥത സർവതും
ഒന്നാകെ തീർക്കുന്ന കാഴ്ച മുന്നിൽ....
അമ്മയാം ഭൂമിയെ വേദനിപ്പിച്ചാലതിൻ
നൊമ്പരം നീയുമനുഭവിക്കും.....

**നിരഞ്ജൻ വി നായർ**
9 ഐ ഗവഃ വി എച്ച് എസ് എസ് കല്ലറ
പാലോട് ഉപജില്ല
തിരുവനന്തപുരം

# കൊറോണയുടെ പാഠം

കൈകൾ കഴുകി നടന്നോളൂ
ചെറു തൈകൾ വെച്ച് കിടന്നോളൂ
വായും മൂക്കും മൂടീടാൻ
മാസ്ക് വെച്ച് നടന്നോളൂ...
വൈറസ് കയറും വഴിയെല്ലാം
കൊട്ടിയടച്ച് ഇരുന്നോളൂ...
വേണ്ട വേണ്ട ചുമ്മാതെ,
വെളിയിലിറങ്ങി നടക്കാതെ...
പാറി നടക്കും കോവിഡിനെ..
പായ വിരിച്ച് കിടത്തല്ലെ...!!

**മിൻഹ.ഓ.കെ**
4.ഡി ജി.എം.എൽ.പി.എസ്.ഓ.കെ.മുറി.
വേങ്ങര ഉപജില്ല
മലപ്പുറം

# ഇന്നിന്റെ തേങ്ങലുകൾ

ഹരിതാഭമാർന്നൊരു പട്ടുചാർത്തി നിന്നൊ
രെന്റെ നാടിനിതെന്തു പറ്റി ?
പുഷ്പസുഗന്ധം പരത്തി നടന്നൊരെൻ
ഇളംകാറ്റിതെന്തേ പതുങ്ങി നിൽപ്പൂ?
മാവേലിമന്നൻ ഭരിച്ചപ്പോഴുള്ളൊരു
സാന്ദ്രസമത്വമിതെങ്ങു പോയി?
നിലാവ് പരത്തിടും തിങ്കളിൻ ആനനമി
തെന്തേ കാർമുകിൽ നിറമാർന്നുപോയ്?
തേങ്ങുകയാണെന്റെ പ്രകൃതിയിന്നെപ്പോഴും
തന്റെ തകർച്ചയെ ഓർത്തുകൊണ്ട്
മക്കളിൻ നിസ്സഹായത ഓർത്തുകൊണ്ട്
പൊൻനെല്ലു വിളഞ്ഞൊരാ പാടത്ത്
കാറണിച്ചെളി കൂടു കൂട്ടിടുന്നു ...............
കർഷകക്കണ്ണുനീർ അമ്മ പ്രകൃതിക്കുമേൽ
ഇറ്റിറ്റു നീളവേ വീണിടുന്നു...........
എന്തേ പറ്റി ഇന്നീ പ്രകൃതിക്കു....
ജീവനറ്റതുപോലെ നിലകൊൾകയോ?
വൻനിലകെട്ടിടങ്ങൾ പണിതീർത്തു
പ്രകൃതിതൻ മാറ് തുരക്കുകയോ?
മനുഷ്യഹൃദയങ്ങൾ വിറകൊണ്ടുപോയ്
സ്വാർത്ഥത മാത്രമാണെങ്ങുമിപ്പോൾ
പെണ്ണിന്റെ മാനം വിറ്റു ജീവിക്കുന്നു
വൃത്തിഹീനമായിത്തീരുന്നു മാനവന്മാർ
കൈക്കുഞ്ഞിനെപ്പോലും വഴിയിൽ എറിയുന്നു
പത്തുമാസം ചുമന്ന ജനനി...
മാനുഷജീവിതം അർത്ഥമാക്കുന്നത്
പണമാണെന്നരുളുന്നു ചിലരിപ്പൊഴും
മാതൃഭാഷതൻ മാധുര്യമറിയാതെ
ആംഗലഭാഷ രുചിച്ചിടുന്നു
കുന്നില്ല, മരമില്ല, പാടങ്ങളില്ലിന്ന്
ഭൂതലം ശൂന്യമായിത്തീർന്നിടുന്നു...
വരുമെന്ന് കരുതുന്നു ഇനിയുമാ
പ്രകൃതിതൻ രമണീയ കാഴ്ച വീണ്ടും

**നന്ദന ആനന്ദ്**
9C ഗവ.എച്ച് എസ് എസ് മാരായമുട്ടം
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# കൊറോണ !!!

കൊറോണയെന്ന ഭീതിയെ
തുരത്തുവിൻ ജനങ്ങളേ
പ്രളയകാല സ്മരണകൾ
കോർത്തിണക്കി പൊരുതിടൂ
കൊറോണയെന്ന മാരിയെ
ത്തുരത്തുവിൻ ജനങ്ങളേ
കരങ്ങളെ ശുചിത്വമാക്കി
നേരിടൂ കൊറോണയേ
മാസ്ക്കുകൾ ധരിച്ചിടൂ
സവാരികൾ മുടക്കിടൂ
മനസ്സുകൊണ്ടു നമ്മളെല്ലാ
മൊന്നു തന്നെയാകുവിൻ
യോഗ ചെയ്തു നോക്കണം
കുടുംബവുമായ് അടുക്കണം
കൊറോണയെ തുരത്തണം
അന്നുമിന്നുമെന്നുമേ........

**ലക്ഷ്മി ഗോപാൽ**
9C ഗവ.എച്ച് എസ് എസ് മാരായമുട്ടം
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# തിരിച്ചറിവ്

അറിയുന്നു ഞാനിന്നറിയുന്നു ലോകമേ
നിന്റെയീ തോരാത്ത ദൈന്യമാം നിലവിളി
ശബ്ദഘോഷങ്ങളില്ലാത്ത തെരുവിന്റെ
മൗനത്തിലുണ്ടു നിന്നൊടുങ്ങാത്ത രോദനം
സമൃദ്ധിയുടെ മേടം പുലർന്നിട്ടും
വിടരുന്നില്ല നിൻ പുഞ്ചിരിയൊന്നുമേ
നിൻ പകയിൽ എരിഞ്ഞടങ്ങിയീ മാനവർ
ചാരമായ് നിന്നിലേയ്ക്കമർന്ന് തീർന്നു
ഉടയവരില്ലാത്തൊരെന്റെ യാത്രയിൽ
പങ്കുചേരാതെ നിൻ തിരിഞ്ഞുപോക്ക്
വെട്ടിപ്പിടിക്കാനൊരുങ്ങിയയെന്നെ നീ
വെട്ടിച്ചുരുക്കിയമർത്തിയല്ലോ
അന്ത്യശ്വാസത്തിൽ ഞാനറിഞ്ഞിടുന്നു
അത് അറിവല്ല പുതിയ
തിരിച്ചറിവ്

**ലാവണ്യ**
9G ഗവ.എച്ച് എസ് എസ് മാരായമുട്ടം
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# കൊറോണക്കാലം

പെട്ടെന്നയ്യോ കൊറോണയെത്തി
എങ്ങും പൂട്ടി താഴിട്ടു
സ്കൂൾ പൂട്ടി പള്ളികൾ പൂട്ടി
അമ്പലങ്ങളും അടച്ചു പൂട്ടി
സീരിയലില്ല സിനിമയുമില്ല
ടി .വി തുറന്നാൽ വാർത്തകൾ മാത്രം
ബിസ്കറ്റില്ല മിഠായി ഇല്ല
കഞ്ഞീം ചക്കേം തിന്നു മടുത്തു
തിങ്കളുമില്ല ചൊവ്വയുമില്ല
എല്ലാ ദിനവും ഞായർ തന്നെ
ബാറ്റും ബോളും കൊണ്ടു നടക്കും
കുട്ടിക്കൂട്ടം മൊബൈലിലായി
ഇല്ലേ ഇനിയും നല്ലൊരു കാലം
ഒത്തു കളിക്കാൻ നല്ലൊരു കാലം
പുറത്തിറങ്ങാൻ കൊതിയാവുന്നു
മടുത്തെനിക്കീ കൊറോണക്കാലം

**സാൻവി**
3 എ ചമ്പാട് എൽ.പി
ചൊക്ലി ഉപജില്ല
കണ്ണൂർ

# നമ്മുടെ ലോകം

ഭയപ്പെടില്ല, തളരുകില്ല, തോൽക്കുകില്ല നാം
ഒത്തുനിന്ന് പോരിനാൽ തുരത്തിവിട്ടിടും
നാടിനെ വിഴുങ്ങാൻ വന്ന വൈറസിനെ
ഒത്തുനിന്ന് പോരിനാൽ തുരത്തിവിട്ടിടും
നാടിൻ സന്തോഷം തിരിച്ചുപിടിച്ചിടും
അകന്നിരിക്കും മനസ്സുകൊണ്ട് ചേർത്തുപിടിക്കും
പാറി നടന്നൊരു ബാല്യത്തെ കൂട്ടിലടച്ച കൊറോണയെ
ഒരുമകൊണ്ടു വേരോടെ പിഴുതെറിയും നാം
വിദ്യാലയമുറ്റം വീണ്ടും
ചുവടുകളാൽ നിറയ്ക്കുവാൻ
കളിചിരിയും പാട്ടുംകൊണ്ട്
മധുരമുള്ളതാക്കുവാൻ
പ്രാർത്ഥനയോടിന്നു ഞങ്ങളകന്നിരിക്കും
കരുതലിൻ കരങ്ങൾകൊണ്ടു ചേർത്തുപിടിക്കും

**മുഹമ്മദ് സുഹൈൽ എച്ച്**
4A ജി. എച്ച്. എസ്. എൽ. പി. എസ്. ആര്യാട്
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# അകന്നിരിക്കാം നമ്മൾക്ക്

അകന്നിരിക്കാം നമ്മൾക്ക്
ഇനി അടുത്തിരിക്കാനായിട്ട്
പകർന്നിടുന്നൊരു രോഗമാണ്
പക്ഷെ ജാഗ്രത മാത്രം വേണ്ടൂ
കൈകൾ കഴുകാം നന്നായി
കരുത്തരാകാം നമ്മൾക്ക്
പുറത്തിറങ്ങി നടക്കാതെ
അകത്തിരുന്നു കളിച്ചീടാം

**ദിയ.കെ**
5 D ജി.എം.യു.പി സ്ക്കൂൾ വേളൂർ
കൊയിലാണ്ടി ഉപജില്ല
കോഴിക്കോട്

# മഹാവിപത്ത്

ഭീതി പരക്കുന്നു ഭയാനകമാവുന്നു
വീണ്ടുമൊരു മഹാമാരി
ഭീകരനാകുന്നു വിനാശകാരൻ
കൊറോണയെന്നൊരു കുഞ്ഞുവൈറസ്
താണ്ഡവനടനം തുടരുന്ന വേളയിൽ
ഭൂലോകമാകെ വിറകൊണ്ടിടുന്നു
പ്രാണനായ് കേഴുന്നു മർത്ത്യകുലം
മനുഷ്യരെല്ലാരുമൊന്നെന്ന്
ഓർമിപ്പാൻ വന്നൊരു സൂചകമോ....
പേമാരി പെയ്തൊന്ന് വന്ന നാട്ടിൽ
പ്രളയം പെരുങ്കളിയാട്ടമാടി
ജാതിയേതുമില്ലാ....മതമൊന്നുമില്ലാ...
മത്സരചിന്തകൾ മാഞ്ഞൂ...
പ്രളയം കഴിഞ്ഞൂ....
പലതും മറന്നൂ...
പാഠം പഠിക്കാത്ത പകയുള്ള മനസ്സുകൾ
ഞാനായി... ഞങ്ങളായി....
നീയായി... നിങ്ങളായി....
ഭീതി പരത്തി താണ്ഡവമാടി
വീണ്ടുമൊരു പെരുങ്കളിയാട്ടമോ?
മനുഷ്യരെല്ലാരുമൊന്നെന്ന്
വീണ്ടും
ഓർമിപ്പാൻ വന്നൊരു സൂചകമോ....

**ആതിര എം എസ്**
7 B ജി യു പി എസ് പൂതാടി
സുൽത്താൻ ബത്തേരി ഉപജില്ല
വയനാട്

# കാലമിന്നെവിടെ

പ്രളയം വന്നൂ നാട്ടാർ കൂടീ
കൊറോണ വന്നൂ നാട്ടാരോടീ
വരുന്നോരെല്ലാമോടിയൊളിക്കും
കവരാൻ കഴിയില്ലൊരുമ രഹസ്യം.
ദേഹമടുത്തു മനവുമടുത്തു
നേരിട്ടൂ പ്രളയം ധീരതയോടെ.
സമൂഹ അകലം പാലിച്ചൂ നാം
മനമൊന്നായ് കുഞ്ഞണുവിനുനേരെ.
പ്രളയത്തിൽ നവജീവൻ നൽകിയ
കടലിൻ മക്കളെ ഓർക്കേണം നാം.
അവരിന്നൊരുപാടല്ലലിലെത്തുമ്പോ
ളതിനൊരു പരിഹാരം കാണുക വേണം.
പണ്ടേ കണ്ടിട്ടില്ലൊരടുക്കള
കാണേണം നാം കൺകൾ തുറന്ന്.
കണ്ടാൽപ്പോരാ കോവയ്ക്കാപയർ
മുളകും ഉള്ളിയുമരിയേണം നാം.
ചെയ്യേണ്ടത് നാം ചെയ്തീടേണം
അരുതാത്തത് നാമൊഴിവാക്കേണം.
ശുചിത്വപൂരിതമാക്കാം നമ്മുടെ
വീടും മേടുമിയവധിക്കാലം.
ലോക്കിട്ടീടാം വീടിനുമാത്രം
പൂട്ടീടൊല്ലെ ...മനസ്സുകൾ തമ്മിൽ
കഥകൾ കവിതകൾ ഉയരട്ടെ ;ഇനി
വ്യഥകൾ ദുരിതമകന്നീടട്ടെ .

**ആനന്ദ് ശർമ്മ**
10A ജി.എച്ച്.എസ്.എസ് മുട്ടം
അറക്കുളം ഉപജില്ല
ഇടുക്കി

# അവസാന സ്പന്ദനം

കാലത്തിനപ്പുറം ജീവന്റെ തോണിയിൽ
ഒറ്റയ്ക്കു കരുത്തനായ് സഞ്ചരിച്ചെത്തി ഞാനും
ഒരു സുപ്രഭാതത്തിന്റെ ജീവൽത്തുടിപ്പായി
അമ്മ തൻ മടിയിലൂടൂർന്നു വന്നെത്തിയോൻ
ഞെട്ടിപ്പകച്ചൊന്നു നോക്കേവ കാലങ്ങൾ
വർണ്ണങ്ങളായ് വന്നു കണ്ണിൽ നിറഞ്ഞതും
പിന്നെയാ നേർത്ത കരച്ചിലിൻ വേദന
അമ്മതൻ മാറിലെ ചൂടിൽ മറന്നതും
വീണ്ടും ഉയർന്നുമീ ലോകത്തിൻ വീഥിയിൽ
എന്തോ തിരഞ്ഞു ഞാൻ, ഇന്നുമിന്നങ്ങനെ
പൂവുകൾ, പുല്ലുകൾ, പുഴുക്കൾ, പൂമ്പാറ്റകൾ
വ്യത്യസ്ത വേഷങ്ങൾ കെട്ടിയാടുന്നവർ
പിന്നയീ വേഷങ്ങൾ എന്നെയും കൊണ്ടിങ്ങു
ഒരുപാട് ദൂരത്തിലൊഴുകിപ്പരന്നുപോയ്
ആകാശക്കുഴലുകൾ തീർക്കുന്ന മനുഷ്യനാ
ആകാശമെല്ലാം കറുപ്പിച്ചു ദുരയാൽ
അന്ധമാം ദീനത്തിനർത്ഥം തിരഞ്ഞിവിടെ
യന്ധർ നയിക്കുന്ന ജീവിതപ്പെരുമകൾ
പുഴകളും കാടുമീശ്ശീലയ്ക്കു പിന്നിലായ്
കുഴയുന്ന ജീവന്റെയറിവായി ഞാനും
ഇരുളുന്ന ജീവന്റെയുള്ളിൽ നിന്നൊരു
തുള്ളി ജലമായുയർന്നതും, പുകയായ് മറഞ്ഞതും
തടയപ്പെടുന്നൊരു പുഴയുടെ വഴികളിൽ
നിറയുന്ന പൂഴിതൻ കൂനക്കരികിലായ്
വേദനകളൂറുന്ന തേങ്ങിക്കരച്ചിലും
അവസാന ശ്വാസത്തിൻ പേടിപ്പെടുത്തലും
പച്ചപ്പു വാഴുന്നൊരാ നല്ല കാലത്തിന്റെ
ഓർമ്മകൾ നിറയുന്ന കാടിന്റെ സ്പന്ദനം
കത്തുന്നു , ചൂടുന്നു , കാറ്റിലൂടലിയുന്നു
നിശ്വാസമില്ലാതെ അറ്റുപോകുന്നു
ഇന്നെവിടെ ഇന്നെവിടെ ഇന്നെവിടെയാ
ണെന്റെ ജീവൽത്തുടിപ്പും താളധ്വനികളും
അവസാന ശ്വാസത്തിനർത്ഥം തിരഞ്ഞവർ

കാണാതെ അറിയാതെ എങ്ങോ മറഞ്ഞതും
ഒരു തുള്ളി കണ്ണീരിനവകാശമില്ലാതെ
പ്രർത്ഥനകളില്ലാതെ വാക്കുകളിലറിയാതെ
ആഡംബരത്തിന്റെ ആകാശ വഴികളിൽ
മേവാതെ അറിയാതെ യാത്ര പോകുന്നവർ

**ശ്രീഹരി ബിനു**
7B GHS Pazhayarikandom
അടിമാലി ഉപജില്ല
ഇടുക്കി

## നാളെത്തീർക്കാം പുതിയൊരു ലോകം

ഇന്നലെ നമ്മുടെ സങ്കൽപം
ചൊന്നൂ പണമാണേറ്റവും വലുത്
കുന്നു കണക്കേ പണമുണ്ടാക്കുക
എന്നാണർത്ഥം ജീവിതമെന്നാൽ
കണ്ടൂ ചെറുതാം രോഗാണുവിനാൽ
കണ്ടിച്ചെറിയാം ജീവിതയാത്ര
വേണ്ടതുജീവിതസൗഖ്യംതന്നെ
ഉണ്ടോ പണമതിനാലേ ലഭ്യം
നാളെത്തീർക്കാം പുതിയൊരു ലോകം
നീളേ കലരും സ്നേഹമതാകെ
ലളിതമാകും ജീവിതവഴിയാൽ
കളകളനാദം നിറയും ലോകം

**ജിതമന്യു എം പി**
4 ജി എൽ പി സ്ക്കൂൾ ചെറുവാച്ചേരി
മാടായി ഉപജില്ല
കണ്ണൂർ